# ശ്രീ മാതാജി നിർമ്മല ദേവി

## മനുഷ്യരാശിക്കു വേണ്ടി സമർപ്പിച്ച ജീവിതം



ആത്മസാക്ഷാത്ക്കാരത്തിനായുള്ള നമ്മുടെ അന്വേഷണത്തിന്റെ ചരിത്രത്തിൽ ശ്രീ മാതാജി നിർമ്മല ദേവി ഒറ്റയ്ക്ക് നിലകൊള്ളുന്നു. ശ്രീ മാതാജിയുടെ സന്ദേശത്തോടൊപ്പം അവരുടെ ഏറ്റവും പ്രധാനപ്പെട്ട കണ്ടെത്തലായ സഹജ യോഗ ധ്യാനം ലോകത്തെ അറിയിക്കുക എന്നതാണ് ഞങ്ങളുടെ ആഗ്രഹം. എല്ലാറ്റിനുമുപരിയായി,ശ്രീ മാതാജിയെ നേരിൽ കാണാനും അവരുടെ വാണി ശ്രവിക്കുവാനും അവരുടെ ജീവിതത്തെക്കുറിച്ച് അറിയാനും സാധിക്കാതെ പോയ എല്ലാവർക്കും ശ്രീ മാതാജിയെ പരിചയപ്പെടുത്തുക എന്നതാണ് ഞങ്ങളുടെ ഉദ്ദേശം.

മനുഷ്യരാശിക്കു വേണ്ടി സമർപ്പിച്ച ഒരു ജീവിതം.

## ഒരു ധൂളിയുടെ
## കണികയാകണം

ഞാൻ ചെറുതാകാൻ ആഗ്രഹിക്കുന്നു
ഒരു ധൂളിയുടെ കണം പോലെ
കാറ്റിനൊപ്പം ചലിക്കുന്നു
അത് എല്ലായിടത്തും എത്തുന്നു

അതിന് പോയി
രാജാവിന്റെ ശിരസ്സിൽ ഇരിക്കാം
അല്ലെങ്കിൽ പോയി
ആരുടെയെങ്കിലും പാദങ്ങളിൽ വീഴാം
അതിന് പോയി
എവിടെയും ഇരിക്കാം

എന്നാൽ ഞാൻ ധൂളിയുടെ ഒരു കണികയാകാൻ ആഗ്രഹിക്കുന്നു
സുഗന്ധം പരത്തുന്ന
പരിപോഷിപ്പിക്കുന്ന
പ്രബുദ്ധമാക്കുന്ന

*ഏഴാം വയസ്സിൽ ശ്രീ മാതാജി നിർമ്മല ദേവി എഴുതിയത്*

# ഗാന്ധിജിയോടൊപ്പം ധ്യാനിച്ച ഒരു കൊച്ചു പെൺകുട്ടി

## പ്രബുദ്ധമായ ബാല്യത്തിന്റെ ജ്ഞാനം

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായുള്ള മഹാത്മാഗാന്ധിയുടെ അഹിംസാപരമായ പോരാട്ടത്തിന്റെ മുൻനിരയിൽ തുടക്കം മുതൽ തന്നെ ശ്രീ മാതാജിയുടെ കുടുംബം ഉണ്ടായിരുന്നു. അവർ പൂർണ്ണഹൃദയത്തോടെയും മാതൃകാപരമായ സമർപ്പണത്തോടെയും പ്രസ്ഥാനത്തെ പിന്തുണച്ചു.അസാധാരണമായ ബൗദ്ധികവും, വ്യക്തിപരവുമായ ഗുണങ്ങളുള്ള അപൂർവ ധാർമ്മിക നിലവാരം പുലർത്തുന്ന വ്യക്തികളായിരുന്നു ഇവർ. ശ്രീ മാതാജിയുടെ പിതാവ്, പ്രസാദ് റാവു സാൽവെ, ക്രിസ്തുവിന് മുമ്പും ശേഷവും നിരവധി നൂറ്റാണ്ടുകളായി ഇന്നത്തെ മഹാരാഷ്ട്ര സംസ്ഥാനം ഉൾപ്പെടുന്ന ഒരു പ്രദേശം ഭരിച്ചിരുന്ന രാജകീയ ശതവാഹന രാജവംശത്തിന്റെ നേരിട്ടുള്ള പിൻഗാമിയായിരുന്നു. അദ്ദേഹം പതിനാല് ഭാഷകൾ അനായാസേന സംസാരിച്ചിരുന്നു,ഖുറാൻ ഹിന്ദിയിലേക്ക് വിവർത്തനം ചെയ്തിരുന്നു.

നാഗ്പൂർ മുനിസിപ്പൽ കമ്മിറ്റി അംഗവും, ഗാന്ധിജിയുടെ അടുത്ത അനുയായിയും,സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പാർലമെന്റിലെ ഏക ക്രിസ്ത്യൻ അംഗവുമായിരുന്നു മിസ്റ്റർ സാൽവെ. ഇന്ത്യയുടെ ആദ്യ ഭരണഘടനയുടെ രചനയിൽ അദ്ദേഹം പങ്കാളിയായിരുന്നു.ശ്രീ മാതാജിയുടെ അമ്മ കൊർണേലിയ ജാദവിന് സംസ്കൃതത്തിൽ അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നു,പൂനെയിലെ പ്രശസ്തമായ ഫെർഗൂസൺ കോളേജിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദം നേടിയ ആദ്യ ഇന്ത്യൻ വനിതയായിരുന്നു അവർ. കൊർണേലിയ വികസിപ്പിച്ചെടുത്ത പുതിയ ബീജഗണിത കണക്കുകൂട്ടൽ രീതികൾ ഇന്നും ഉപയോഗിച്ചു വരുന്നു.

അത്തരമൊരു മഹത്തായ കുടുംബ പരമ്പരയ്ക്ക് മാത്രമേ അസാധാരണമായ ഒരു വ്യക്തിയെ സൃഷ്ടിക്കാൻ കഴിയുകയുള്ളു.1923 മാർച്ച് 21,വസന്തത്തിലെ സമരാത്രദിനത്തിൽ മധ്യേന്ത്യയിലുള്ള മഹാരാഷ്ട്രയിലെ ചിന്ദ്വാരയിൽ നിർമ്മല സാൽവെ ജനിച്ചു. മുതിർന്നപ്പോൾ, ശ്രീ മാതാജി നിർമ്മല ദേവി എന്നാണ് ലോകമെമ്പാടും അവർ അറിയപ്പെട്ടിരുന്നത്. സാൽവെയുടെ കുടുംബത്തിലെ അംഗവും അനുഭവസമ്പന്നയുമായ പ്രസവശുശ്രൂഷിക കുഞ്ഞിനെ കണ്ടപ്പോൾ,അവൾ ഒരു കളങ്കവുമില്ലാതെയാണ് ജനിച്ചതെന്നും അതിനാൽ നിർമ്മല (സംസ്കൃതത്തിൽ "കളങ്കമില്ലാത്തത്") എന്ന് വിളിക്കണമെന്നും പറഞ്ഞു. മാതാപിതാക്കൾ ഇത് സമ്മതിച്ചു,അമ്മ അവൾക്ക് ഡെയ്സി എന്ന രണ്ടാമത്തെ പേരും കൂടി നൽകി.

ശ്രീ മാതാജിയുടെ സഹോദരൻ എച്ച്.പി. സാൽവെ (വാത്സല്യത്തോടെ ബാബമാമ എന്നറിയപ്പെടുന്നു) തന്റെ സഹോദരി ചെറുപ്പമായിരുന്നപ്പോൾ, എല്ലായ്പ്പോഴും വളരെ സന്തോഷവതിയും എല്ലാവരുടെയും പ്രിയപ്പെട്ടവളുമായിരുന്നുവെന്ന് പറഞ്ഞു. തന്റെ അത്യുത്സാഹ ഫലമായി, ശ്രീ മാതാജിക്ക് എല്ലാ പ്രായത്തിലുമുള്ള സുഹൃത്തുക്കളെയും നാടകങ്ങളിലും പാട്ടുകളിലും നൃത്തങ്ങളിലും ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നു.മറ്റു ചില അവസരങ്ങളിൽ വീടിന്റെ ഏതെങ്കിലും കോണിൽ ഒറ്റയ്ക്ക് ധ്യാനത്തിൽ മുഴുകിയിരിക്കുമായിരുന്നു.അപ്പോൾ അവരുടെ മുഖം ആന്തരിക ആനന്ദത്താൽ തിളങ്ങുമായിരുന്നു.ശ്രീ മാതാജിയുടെ യോഗ്യത ഗാന്ധിജി പെട്ടെന്ന് തന്നെ തിരിച്ചറിഞ്ഞു,ആ ചെറുപ്രായത്തിൽ തന്നെ അവർ പ്രകടമാക്കിയ ജ്ഞാനത്തിൽ ആകൃഷ്ടനായി,ഏഴ് വയസ്സുള്ള ശ്രീ മാതാജിയെ അദ്ദേഹം തന്റെ ആശ്രമത്തിലേക്ക് സ്വാഗതം ചെയ്തു.



ശ്രീ മാതാജി പതിനാറാം വയസ്സിൽ.

അടുത്ത പേജ്: മഹാത്മാ ഗാന്ധി.



"എന്റെ മുഖം നേപ്പാളി മുഖമായതിനാൽ അദ്ദേഹം എന്നെ "നേപ്പാളി" എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹം ചിലപ്പോൾ ഒരു മുത്തശ്ശിയോട് സംസാരിക്കുന്നത് പോലെ എന്നോട് സാരിക്കാറുണ്ടായിരുന്നു.കുട്ടികളോട് അദ്ദേഹത്തിന് വളരെ മാധുര്യവും ദയയും നിറഞ്ഞ സമീപനമായിരുന്നു ഉണ്ടായിരുന്നത്, കുട്ടികളിൽ നിന്ന് ഒരുപാട് കാര്യങ്ങൾ പഠിക്കാൻ ശ്രമിക്കുമായിരുന്നു. കുട്ടികൾക്ക്, ചിലപ്പോൾ മുതിർന്നവരേക്കാൾ കൂടുതൽ ജ്ഞാനമുണ്ടെന്ന് അദ്ദേഹം എങ്ങനെ മനസ്സിലാക്കി എന്നത് അതിശയകരമായിരുന്നു."

ഇന്റർവ്യൂ, സാന്റാക്രൂസ് ,1983

ശ്രീ മാതാജി നിർമ്മല ദേവി

ഗാന്ധിജി എപ്പോഴും കുട്ടികളോട് വലിയ സ്നേഹം പ്രകടിപ്പിച്ചിരുന്നു, അവരുടെ നിഷ്കളങ്കത്വം ഒരു നിരന്തരമായ ഉദാഹരണമായി അദ്ദേഹം എടുത്തിരുന്നു:"സ്നേഹത്തിന്റെ സിദ്ധാന്തം ചെറിയ കുട്ടികളിലൂടെ നന്നായി മനസ്സിലാക്കാനും പഠിക്കാനും കഴിയും."അഹിംസാപരമായ സംഘർഷങ്ങൾക്ക് ആത്മീയ അടിത്തറ വേണമെന്ന് അദ്ദേഹം എപ്പോഴും ശഠിച്ചിരുന്നു: "മനുഷ്യന്റെ അന്തസ്സിന് ദൈവത്തോടുള്ള അനുസരണയും ആത്മാവിന്റെ ശക്തിയും ആവശ്യമാണ്." വിവേകശാലിയായ പ്രായത്തിൽ മുതിർന്ന ആ നേതാവും കൊച്ചു നിർമ്മലയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ധാരാളം രസകരമായ കഥകൾ ഉണ്ട്. ആശ്രമത്തിലെ പ്രഭാത ധ്യാനം എങ്ങനെ നയിക്കണമെന്ന് തീരുമാനിക്കാൻ പോലും ശ്രീ മാതാജിക്ക് അനുവാദമുണ്ടായിരുന്നു, ശ്രീ മാതാജിയോട് ആത്മീയ ഉപദേശം ആരായാൻ ഗാന്ധിജി പ്രത്യേകിച്ചും ഇഷ്ടപ്പെട്ടിരുന്നു.പലപ്പോഴും, തമാശകളിലൂടെയും ഫലിതങ്ങളിലൂടെയും, ശ്രീ മാതാജി നേതാവിന്റെ ഗൗരവം മയപ്പെടുത്താൻ ശ്രമിച്ചിരുന്നു,



"ബാപ്പു, അങ്ങേക്ക് ആളുകൾ അച്ചടക്കം ഉള്ളവരാകണമെന്നുണ്ടെങ്കിൽ, ഉള്ളിൽ നിന്ന് വരുന്ന ഒരു അച്ചടക്കം അവർക്ക് എന്തുകൊണ്ട് നൽകി കൂടാ?" ആദ്യം അവർ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടണമെന്ന് ഗാന്ധിജി എപ്പോഴും മറുപടി പറയുമായിരുന്നു; അതിനുശേഷം മാത്രമേ അവർക്ക് ആത്മീയ സ്വാതന്ത്ര്യം തേടാൻ കഴിയുകയുള്ളു. 1948-ൽ, അദ്ദേഹത്തിന്റെ ഹത്യക്ക് ഒരു ദിവസം മുമ്പ്, ശ്രീ മാതാജി തന്റെ മകളോടൊപ്പം വീണ്ടും ആ മഹാത്മാവിനെ സന്ദർശിച്ചിരുന്നു. തന്റെ ആത്മീയ പ്രവർത്തനം ആരംഭിക്കാൻ പോകുകയാണോ എന്ന് ഗാന്ധിജി ശ്രീ മാതാജിയോട് ആരാഞ്ഞു. രാജ്യം സ്വതന്ത്രമായിരുന്നതിനാലും, മനുഷ്യരുടെ ആന്തരിക പരിവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാമെന്നതിനാലും ശ്രീ മാതാജിയുടെ ആഗ്രഹം നിറവേറ്റാൻ ഗാന്ധിജി അവരെ പ്രോത്സാഹിപ്പിച്ചു.

ഗാന്ധിജി പ്രഖ്യാപിച്ച നിഷ്കളങ്കത്വത്തിന്റെയും ആത്മീയതയുടെയും വീക്ഷണം സ്ഥാപിക്കുക എന്ന ദൗത്യം ശ്രീ മാതാജി പൗരസ്വാതന്ത്ര്യത്തിനായുള്ള പോരാട്ടം മുതൽ ആന്തരിക സ്വാതന്ത്ര്യത്തിന്റെ അനുഭവം വരെയും പൂർണ്ണ രൂപത്തിൽ നിർവഹിച്ചു. "ശാശ്വതമായ സമാധാനം സൃഷ്ടിക്കണമെങ്കിൽ നമ്മൾ കുട്ടികളിൽ നിന്ന് തുടങ്ങണം".

# ദേശസ്നേഹമുള്ള ഒരു കുടുംബം

## ആത്മീയ സ്വാതന്ത്ര്യത്തിന്റെ കണ്ടെത്തൽ

“ഗാന്ധിയുടെ പ്രധാന സംഭാവന, ജനങ്ങളിൽ സന്തുലിതാവസ്ഥ സ്ഥാപിക്കുക എന്നതായിരുന്നു. ആളുകളുടെ സമനിലയായിരുന്നു പ്രധാനം.അവരെ കൂടുതൽ ഇന്ത്യക്കാരാക്കുക, നമ്മിൽ കുമിഞ്ഞുകൂടിയ എല്ലാ അടിമത്ത മാനസികാവസ്ഥയെയും,സ്വയം അനുഭവിക്കുന്ന അവഗണയെയും പുറത്തെടുക്കുക.”

റേഡിയോ അഭിമുഖം, ഹോങ്കോംഗ്, 1992
ശ്രീ മാതാജി നിർമ്മല ദേവി

ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടാനുള്ള ഇന്ത്യയുടെ പോരാട്ടത്തിന്റെ നിർണായക വർഷങ്ങളിൽ ശ്രീ മാതാജിയുടെ കുടുംബം, ശ്രീ മാതാജിയെപ്പോലെ തന്നെ മാതൃകാപരമായ സമർപ്പണം പ്രകടമാക്കി. ശ്രീ മാതാജിയുടെ മാതാപിതാക്കൾ അഹിംസാത്മകമായ ചെറുത്തുനിൽപ്പിന്റെ അസാധാരണ കാലഘട്ടത്തിലെ യോഗ്യരായ പോരാളികളായിരുന്നു,മറ്റ് നിരവധി ദേശസ്നേഹികൾക്കും സ്വാതന്ത്ര്യ സമര രക്തസാക്ഷികൾക്കും ഒപ്പം അവർ മഹാത്മാഗാന്ധിയുടെ കാലടികൾ പിന്തുടർന്നു.എല്ലാ വിധത്തിലും അവർ തികച്ചും സമ്പന്നരായിരുന്നു.ഇംഗ്ലണ്ടിൽ നിർമ്മിക്കപ്പെട്ടതിനാൽ, ശ്രീ മാതാജിയുടെ പിതാവ് തന്റെ സ്യൂട്ടുകളെല്ലാം കത്തിച്ചു കളഞ്ഞു,അമ്മ അവരുടെ എല്ലാ സാരികളും അഗ്നിക്കിരയാക്കി.അവർ സ്വന്തം വസ്ത്രങ്ങൾ ഉണ്ടാക്കാൻ തുണികൾ നൂൽക്കുക പതിവായിരുന്നു.

ശ്രീ മാതാജിയുടെ പിതാവ് പ്രസാദ് റാവു സാൽവെ സ്വാതന്ത്ര്യസമരത്തിനായി തന്റെ പക്കലുള്ളതെല്ലാം ത്യജിച്ചു.

1942-ൻറെ തുടക്കത്തിൽ "ക്വിറ്റ് ഇന്ത്യ"പ്രസ്ഥാനം ആരംഭിക്കാൻ ഗാന്ധിജി തീരുമാനിച്ചു.ബ്രിട്ടീഷ് നിയമത്തോടുള്ള നിസ്സഹകരണവും ആജ്ഞാലംഘനവും തീവ്രമാക്കാൻ അദ്ദേഹം എല്ലാ കോൺഗ്രസ് അംഗങ്ങളോടും ആഹ്വാനം ചെയ്തു.അക്കാലത്ത്,ശ്രീ മാതാജിയുടെ പിതാവ് ഒരു പബ്ലിക് പ്രോസിക്യൂട്ടറായിരുന്നു.അദ്ദേഹത്തിന്റെ ആദ്യത്തെ തീരുമാനം തന്റെ സ്ഥാനം രാജിവയ്ക്കുക എന്നായിരുന്നു.സുപ്രീം കോടതിയുടെ മുകളിൽ ഒരു ബ്രിട്ടീഷ് പതാക ഉണ്ടായിരുന്നു; ഗാന്ധിജിയുടെ യോഗ്യനായ അനുയായി എന്ന നിലയിൽ അദ്ദേഹം കെട്ടിടത്തിന്റെ മേൽക്കൂരയിൽ കയറി ബ്രിട്ടീഷ് പതാക നശിപ്പിച്ചു.ഗാന്ധിയുടെ പ്രചാരണത്തിന്റെ ദേശീയഗാനമായി സ്വീകരിച്ച “വന്ദേമാതരം” (അതിന്റെ തലക്കെട്ടിന്റെ അർത്ഥം,"വന്ദനം,അമ്മേ മാതൃഭൂമി") എന്ന ഗാനം ആലപിക്കാൻ അദ്ദേഹം ജനങ്ങളോട് ആവശ്യപ്പെട്ടു.അധിനിവേശത്തിനെതിരായ ചെറുത്തുനിൽപ്പിന്റെ ശക്തമായ രാഷ്ട്രീയ പ്രതീകമായിരുന്നു അത്.

അപ്പോൾ ഒരു ഇംഗ്ലീഷ് പട്ടാളക്കാരൻ അദ്ദേഹത്തെ വെടിവെച്ച് നെറ്റിയുടെ വശങ്ങളിൽ മുറിവേല്പിച്ചു. അമിതമായി രക്തം വാർന്നൊഴുകാൻ തുടങ്ങിയെങ്കിലും ആജ്ഞാലംഘനത്തിന്റെ ഭാഗമായ സമരത്തിലൂടെ ത്രിവർണ പതാക ഉയർത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. അത് കാറ്റിൽ സ്വതന്ത്രമായി പൊങ്ങിപറക്കുന്നതുവരെ അദ്ദേഹം കാത്തുനിന്നു, ശേഷം പതാക വന്ദിച്ചുകൊണ്ട് "വന്ദേമാതരം"പാടി. തന്നെ ജയിലിലേക്ക് കൊണ്ടുപോകുന്ന വാഹനത്തിൽ നിൽക്കുമ്പോഴും അദ്ദേഹം "വന്ദേമാതരം"പാടിക്കൊണ്ടിരുന്നു.ഈ സമയം,ആ രാജ്യസ്നേഹിയോടുള്ള ഐക്യദാർഢ്യത്തിന്റെ അടയാളമായി നാഗ്പൂരിലെ ജനങ്ങൾ തെരുവിലിറങ്ങി,സ്വതസിദ്ധമായ ഒരു ഘോഷയാത്രയുടെ ശബ്ദം അദ്ദേഹത്തോടൊപ്പം ചേർന്നു.പെൺകുട്ടിയായ നിർമ്മലയ്ക്ക് അവളുടെ അച്ഛനെപ്പോലെ കാര്യനിർവ്വഹണത്തിനുള്ള ധൈര്യവും അർപ്പണബോധവും ഉണ്ടായിരുന്നു.

ശ്രീ മാതാജി ഒരു ക്രിസ്ത്യാനിയായതിനാൽ സ്കൂളിൽ അധ്യാപകരിൽ നിന്ന് പലപ്പോഴും വിവേചനം നേരിടേണ്ടിവന്നു.19 വയസ്സുള്ളപ്പോൾ, ശ്രീ മാതാജി ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള വിപ്ലവകരമായ പ്രവർത്തനങ്ങളുടെ പേരിൽ കോളേജിൽ നിന്ന് പുറത്താക്കപ്പെട്ടു.ഒരു ദിവസം, ഒരു സ്കൂൾ ബസ്സ് വിദ്യാർത്ഥികളെ സ്കൂളിലേക്ക് കയറ്റുന്നത് തടയാൻ നിർമ്മല സമരം സംഘടിപ്പിച്ച് നടുറോഡിൽ കിടന്നു.



ശ്രീ മാതാജിയുടെ കുടുംബത്തിന്റെ അപൂർവ ഫോട്ടോ

പിന്നെ ബ്രിട്ടീഷ് പട്ടാളക്കാരുടെ കൈത്തോക്കുകളെ ഭയക്കാതെ ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യം വിളിച്ച് ഇന്ത്യൻ പതാകയുമായി അവർ നിന്നു. പട്ടാളക്കാർ നിർമ്മലയെ ബലമായി അവരുടെ കമാൻഡ് പോസ്റ്റിലേക്ക് കൊണ്ടുപോയി, അവിടെ വൈദ്യുതാഘാതമേൽപ്പിച്ചും,ഐസ് പാച്ചുകൾ ഉപയോഗിച്ചും നിർമ്മലയെ പീഡിപ്പിച്ചു.തന്നെ ജയിലിൽ അടയ്ക്കുമെന്ന് പട്ടാളക്കാർ ഭീഷണിപ്പെടുത്തിയപ്പോൾ,ഇന്ത്യൻ ജനതയ്ക്ക് സ്വാതന്ത്ര്യമില്ലാത്തതിനാൽ, അവർ തടവുകാരെപ്പോലെയാണെന്നും,അതിനാൽ താൻ ജയിലിന് അകത്തായാലും പുറത്തായാലും യാതൊരു വ്യത്യാസവുമില്ലെന്നും നിർമ്മല മറുപടി നൽകി.

പിതാവ് ജയിലിലായതിനാൽ, സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടം നിർമ്മല ഒളിവിലിരുന്നു കൊണ്ട് തുടർന്നു. നിസ്വാർത്ഥതയുടെയും ധീരതയുടെയും മഹത്തായ മാതൃകയാണ് അന്നത്തെ നിസ്സഹകരണ പോരാളികളുടെ ധീരതയും മാന്യതയും വ്യക്തമാക്കിയിരുന്നത്.അവരുടെ ഗുണങ്ങൾ ശ്രീ മാതാജിയുടെ ദർശനത്തെ പ്രചോദിപ്പിച്ചു, തുടർന്ന് മനുഷ്യരാശിക്ക് ആന്തരിക വിമോചനത്തിനുള്ള മാർഗ്ഗദർശനം നൽകാൻ ശ്രീ മാതാജി ആഗ്രഹിച്ചു.



ഡൽഹിയിലെ റെഡ് ഫോർട്ടിലെ കാശ്മീരി ഗേറ്റിന് മുകളിൽ 1947 ഓഗസ്റ്റ് 18-ന് ആദ്യമായി ഇന്ത്യയുടെ ദേശീയ പതാക ഉയർത്തി.

# സഹജയോഗയുടെ ജനനം

## ആന്തരിക സ്വാതന്ത്ര്യത്തിന്റെ കണ്ടെത്തൽ

"ഞാൻ ഈ ജീവിതത്തിൽ എന്തെങ്കിലും മഹത്തായ ഒരു കാര്യം ചെയ്യുമെന്ന് എന്റെ പിതാവിന് തോന്നിയിരുന്നു. എന്തുകൊണ്ടെന്ന് എനിക്കറിയില്ല,അച്ഛൻ അത് സ്വപ്നം കണ്ടിരുന്നോ അതോ അദ്ദേഹം അത് മനസ്സിലാക്കിയിരുന്നോ എന്ന്, പക്ഷേ ഞാൻ ഓർക്കുകയാണ്,ഞാൻ അച്ഛനോട് സംസാരിക്കുമ്പോഴൊക്കെ അച്ഛൻ പറയുമായിരുന്നു,"മൊത്തമായി സാക്ഷാത്ക്കാരം നൽകുന്നതിനുള്ള ഒരു മാർഗ്ഗം നീ കണ്ടെത്തണം" എന്ന്."

അഭിമുഖം, വിയന്ന, *1986* ശ്രീ മാതാജി നിർമ്മല ദേവി

ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന് ഏതാനും മാസങ്ങൾക്ക് മുമ്പ്,ശ്രീ മാതാജി 1947 ഏപ്രിൽ 7 ന് യുവ നയതന്ത്രജ്ഞനായ ശ്രീ.ചന്ദ്രിക പ്രസാദ് (സി.പി.) ശ്രീവാസ്തവയെ വിവാഹം കഴിച്ചു.അദ്ദേഹം ഇതിനകം ഇന്ത്യൻ സിവിൽ സർവീസിലെ ഒരു വിശിഷ്ട അംഗമായിരുന്നു,അദ്ദേഹത്തിന്റെ യോഗ്യത തിരിച്ചറിഞ്ഞ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ ലാൽ ബഹാദൂർ ശാസ്ത്രി അദ്ദേഹത്തെ തന്റെ സെക്രട്ടറിയാകാൻ ക്ഷണിച്ചു.

പരമ്പരാഗത ഇന്ത്യൻ സംസ്കാരത്തിലെ ഒരു ഉത്തമ ഭാര്യയുടെ പങ്ക് പൂർണ്ണമായി നിറവേറ്റിക്കൊണ്ട്, ശ്രീ മാതാജി തന്റെ കുടുംബത്തിന് വേണ്ടി മുഴുവൻ സമയവും സമർപ്പിച്ചു. എന്നിരുന്നാലും, വിവാഹ ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽ, നിരവധി സാമൂഹിക, സാംസ്കാരിക, മാനുഷിക പ്രവർത്തനങ്ങളുടെ പ്രചാരണത്തിൽ സജീവമായി പങ്കെടുത്തു. ഈ യുവ ദമ്പതികൾക്ക് രണ്ട് പെൺമക്കളാണുണ്ടായിരുന്നത്, കൽപനയും,സാധനയും.

ശ്രീമാതാജി കുഷ്ഠരോഗികൾക്കായി ഒരു അഭയകേന്ദ്രത്തിന്റെ നിർമ്മാണവും പ്രവർത്തനവും സ്വയം ഏറ്റെടുത്തു.മുംബൈയിൽ വികലാംഗർക്കായി,പ്രത്യേകിച്ച് അന്ധർക്കായി അവർ സാമൂഹിക പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

ശ്രീമാതാജി "കുട്ടികളുടെ സിനിമാ സമാജത്തിന്റെയും","ഹിന്ദി നാടകസാഹിത്യത്തിന്റെയും" പ്രചോദന പ്രതിഭ കൂടിയായിരുന്നു.സാധാരണക്കാരുടെ ഒരു കലാരൂപമായി സിനിമയെ പ്രോത്സാഹിപ്പിക്കുകയും,അതിലൂടെ ഇന്ത്യയുടെ ആത്മീയ പാരമ്പര്യവും മൂല്യങ്ങളും പ്രചരിപ്പിക്കാനും അവർ ശ്രമിച്ചു. എല്ലാ തരം സാംസ്കാരിക പ്രവർത്തനങ്ങളിലും, പ്രത്യേകിച്ച് ശാസ്ത്രീയ സംഗീതം, നൃത്തം, നാടകം, ചിത്രരചനാദി കാര്യങ്ങളിൽ അവർ എപ്പോഴും അതീവ താല്പര്യം കാണിച്ചു.







ഈ ചിത്രം- 1970-കളുടെ ആദ്യകാലത്ത് ശ്രീ മാതാജി ലണ്ടനിലെ ആദ്യ സത്യാന്വേഷികളോടോപ്പം

താഴെ: 1970-കളിലെ ഒരു യോഗത്തിൽ, സഹജ യോഗയുടെ സാങ്കേതികതകൾ വിശദീകരിക്കുന്ന ശ്രീ മാതാജിയുടെ ഒരു ചെറിയ ചിത്രം.

മുൻപിലുള്ള പേജ്: ശ്രീ മാതാജി, അവരുടെ ഭർത്താവായ സർ സി.പി. ശ്രീവാസ്തവ, അവരുടെ രണ്ടു പുത്രിമാരായ കല്പന, സാധന എന്നിവരോടൊപ്പം.



ശ്രീമാതാജി പാശ്ചാത്യ വൈദ്യശാസ്ത്രമാണ് പഠിച്ചത്, അത് പ്രാചീന യോഗശാസ്ത്രവും തമ്മിൽ താരതമ്യം ചെയ്ത്, മനുഷ്യന്റെ നാഡീവ്യവസ്ഥയും സൂക്ഷ്മ ശരീരവും തമ്മിലുള്ള പരസ്പരബന്ധം നന്നായി മനസ്സിലാക്കി.

1970-ൽ, അവരുടെ പെൺമക്കൾ വിവാഹിതരാവുകയും, അവരുടേതായ ജീവിതം തുടങ്ങുകയും ചെയ്ത ശേഷം, ശ്രീ മാതാജി ഒരു സെമിനാറിൽ പങ്കെടുക്കുകയും അതിൽ നമ്മുടെ പ്രാചീന യോഗ സംസ്കാരം തെറ്റായതും ഉചിതമല്ലാത്തതുമാണെന്ന് തോന്നുന്ന വിധത്തിൽ അവതരിപ്പിക്കുന്നതായി കണ്ടെത്തി. ഈ കണ്ടെത്തലിൽ വളരെ വിഷമിച്ച് അവർ ഒരു രാത്രി മുഴുവൻ ഗഹനമായ ധ്യാനത്തിൽ ഇരുന്നു. കഠോരമായ തപസ്സും അനുഷ്ഠാനങ്ങൾക്കും വേണ്ടി ജീവിതം സമർപ്പിച്ച, കൈയിൽ ഒതുങ്ങുന്ന കുറച്ച് സത്യാന്വേഷകർക്ക് മാത്രമല്ല ആത്മസാക്ഷാത്കാരം ലഭ്യമാകേണ്ടതെന്നും, മറിച്ച് ലോക ജനതക്ക് മുഴുവൻ ആത്മസാക്ഷാത്കാരം നേടുന്നതിനുള്ള ഒരു രീതി കണ്ടെത്തണമെന്നും ശ്രീമാതാജി ആഗ്രഹിച്ചു.

1970 മെയ് 5 ന് ഗുജറാത്തിലെ നാർഗോൾ കടൽത്തീരത്ത്, ശ്രീ മാതാജി ഒരു രാത്രി മുഴുവൻ അഗമ്യമായ ധ്യാനത്തിൽ മുഴുകിയിരുന്നു. അടുത്ത പ്രഭാതത്തിൽ, അവർക്ക് ഒരു ശക്തമായ ആനന്ദം നിറഞ്ഞ ഊർജ്ജം തന്റെ ഉള്ളിൽ പ്രവഹിക്കുന്നതായി അനുഭവപ്പെട്ടു, നമ്മുടെ ഉള്ളിലുള്ള ഊർജ്ജവും പ്രപഞ്ച ഊർജ്ജവുമായുള്ള കൂടിച്ചേരൽ എല്ലാവരിലും,യഥാർത്ഥവും മൂർത്തവുമായ രീതിയിൽ പങ്കിടാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്നും അങ്ങിനെ സമാധാനത്തിന്റെയും ഒത്തൊരുമയുടെയും ഒരു ലോകം സൃഷ്ടിക്കാനുള്ള സമയം ആഗമമായി എന്നും ശ്രീമാതാജിക്ക് തോന്നി.

നിർവിചാര അവബോധത്തിന്റെ അനുഭവത്തെ അടിസ്ഥാനമാക്കി ശ്രീ മാതാജി സഹജയോഗ ധ്യാനം എന്ന ഒരു ലളിതമായ പരിശീലന രീതി ആവിഷ്കരിച്ചു.ശ്രീ മാതാജി തന്റെ പ്രേക്ഷകരുടെ ബുദ്ധി വൈഭവത്തെയും സ്വതന്ത്ര ഇച്ഛാശക്തിയെയും അഗാധമായി ബഹുമാനിച്ചിരുന്നു, കൂടാതെ താൻ കണ്ടെത്തിയ വിപ്ലവകരമായ നിർദ്ദേശം പരീക്ഷിക്കപ്പെടേണ്ട ഒരു ശാസ്ത്രീയ സിദ്ധാന്തമായിട്ടാണ് എപ്പോഴും അവതരിപ്പിച്ചിരുന്നത്.

സഹജയോഗയുടെ അടിസ്ഥാന സ്വഭാവം,അത് അഗാധമായ പ്രത്യക്ഷ അനുഭവമായിരിക്കണം എന്നതാണ്.ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക് അവരുടെ ജീവിതത്തിൽ,ശാരീരികവും വൈകാരികവും മാനസികവും അസ്തിത്വപരവുമായ എല്ലാ തലങ്ങളിലും സഹജയോഗയുടെ പ്രത്യക്ഷമായ സ്വാധീനം അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്.ഈ രീതിയുടെ ഒരു പ്രധാന സവിശേഷത,ശ്രീ മാതാജി എപ്പോഴും ഉപയോഗിച്ചിരുന്ന ശാസ്ത്രീയ സമീപനമാണ്:"നിങ്ങൾ എന്നെ വിശ്വസിക്കേണ്ടതില്ല,"അവർ എപ്പോഴും പറയുമായിരുന്നു."നിങ്ങൾ അത് സ്വയം അറിയണം, അനുഭവിക്കണം."ഈ അഭ്യർത്ഥന ശ്രീമാതാജിയുടെ ശുദ്ധവും സത്യസന്ധവുമായ ബൗദ്ധികശക്തിയുടെ അടിസ്ഥാനമാണ്.



1986: ശ്രീ മാതാജി ഒരു കോൺഫറൻസിനായി
റോമിലെ ടെർമിനി സ്റ്റേഷനിൽ എത്തിയപ്പോൾ

# എല്ലാവരുടെയും അമ്മ

## ലോകത്തെ ആവരണം ചെയ്യുന്ന സ്നേഹം

"നമ്മൾ പരസ്പരം സ്നേഹത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു.ആ സ്നേഹം നമ്മുടെ നന്മയ്ക്കും ഉയർച്ചക്കും വേണ്ടിയുള്ളതാണ്. നിങ്ങൾ എല്ലാവരുടെയും സാമിപ്യം ആസ്വദിക്കാൻ തുടങ്ങുന്നു.നിങ്ങൾ നിങ്ങളുടെ ജാതിയേക്കുറിച്ചോ ദേശീയതയെക്കുറിച്ചോ ചിന്തിക്കുന്നില്ല. നിങ്ങൾ ഒരു സാർവത്രിക ജീവിയായി മാറുന്നു. എല്ലാം മറ്റുള്ളവരുടെ ആനന്ദത്തിന് വേണ്ടിയുള്ളതാണ്."

പ്രഭാഷണം, ചിയാൻസിയാനോ ടെർമെ,
1991 ശ്രീ മാതാജി നിർമ്മല ദേവി

1974-ൽ, സർ സി.പി. ശ്രീവാസ്തവയെ ഐക്യരാഷ്ട്ര സംഘടന, അന്തർദേശീയ മാരിടൈം സംഘടനയുടെ (ഐ എം ഒ ) സെക്രട്ടറി ജനറലായി നിയമിച്ചു. ഓരോ പ്രാവശ്യവും നാലു വർഷത്തെ കാലയളവിൽ, തുടർച്ചയായി നാലു തവണ അദ്ദേഹം ഈ പദവി അലങ്കരിച്ചു, ഐക്യരാഷ്ട്ര സംഘടനയുടെ ഒരു സെക്രട്ടറി ജനറൽ വഹിച്ച ഏറ്റവും ദീർഘകാല സേവനമായി ഇത് മാറി. ഈ പദവി വഹിക്കുന്ന കാലത്തും അതിന് ശേഷവും, 17 വ്യത്യസ്ത രാഷ്ട്രങ്ങൾ അദ്ദേഹത്തിന് ബഹുമതികൾ നൽകി ആദരിച്ചു.കൂടാതെ എലിസബത്ത് രാജ്ഞി ii, അദ്ദേഹത്തെ സെന്റ് മൈക്കിൾ ആൻഡ് സെന്റ് ജോർജ്ജ് ഓർഡറിന്റെ ഓണററി നൈറ്റ് കമാൻഡറായി പ്രഖ്യാപിച്ചു.

ശ്രീവാസ്തവ ജോലി ചെയ്തിരുന്ന ഐ എം ഒ യുടെ ആസ്ഥാനം ലണ്ടനിലായതിനാൽ ശ്രീവാസ്തവ ദമ്പതികൾ വർഷങ്ങളോളം യുണൈറ്റഡ് കിംഗ്ഡത്തിലാണ് താമസിച്ചിരുന്നത്.ശ്രീ മാതാജിയെ സംബന്ധിച്ചിടത്തോളം ലണ്ടനിലേക്കുള്ള ഈ സ്ഥലംമാറ്റം കിഴക്കിനും പടിഞ്ഞാറിനും ഇടയിലുണ്ടായിരുന്ന അന്തരം കുറച്ചു.സഹജയോഗയുടെ സ്ഥാപകയെന്ന നിലയിൽ നാൽപ്പത് വർഷത്തിലധികം കാലം, ആത്മീയത, ലോകസമാധാനം,രാഷ്ട്രങ്ങൾക്ക് എങ്ങനെ ഐക്യത്തോട് കൂടി ഒരുമിച്ചു ജീവിക്കാം എന്നി വിഷയങ്ങളിൽ ആയിരക്കണക്കിന് പ്രഭാഷണങ്ങൾ നടത്തി ശ്രീ മാതാജി ലോകമെമ്പാടും വിശ്രമമില്ലാതെ സഞ്ചരിച്ചു.വിവിധ മതങ്ങളും സംസ്കാരങ്ങളും തമ്മിലുള്ള സൂക്ഷ്മമായ ബന്ധം വെളിപ്പെടുത്തിക്കൊണ്ട് ശ്രീ മാതാജി തീവ്രമായ മതാന്ധതയ്ക്കും വർഗീയതയ്ക്കുമെതിരെ ശക്തമായി പ്രതികരിച്ചു.
ആത്മാർത്ഥമായ താൽപ്പര്യം പ്രകടിപ്പിച്ച എല്ലാവർക്കും ശ്രീ മാതാജി,ആത്മാവിനെ കുറിച്ചുള്ള തന്റെ ആഴത്തിലുള്ള അറിവ് വാഗ്ദാനം ചെയ്യുക മാത്രമല്ല,സഹജയോഗ ധ്യാനത്തിന്റെ അതുല്യമായ അനുഭവം പകർന്നു നൽകുകയും ചെയ്തു. എല്ലാറ്റിനുമുപരിയായി,ശ്രീ മാതാജി ബാല്യത്തിൽ തനിക്കുണ്ടായിരുന്ന കാവ്യാത്മകമായ ഭാവന പൂർണ്ണരൂപത്തിൽ പ്രകടമാക്കി:ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ആത്മാർത്ഥരായ സത്യാന്വേഷകരെ,ഒരു ധൂളിയുടെ കണം പോലെ ലാഘവത്തോടെയും ലാളിത്യത്തോടെയും ശ്രീ മാതാജി സമീപിക്കുകയും,ജീവിതത്തിന്റെ എല്ലാ മേഖലകളിൽ നിന്നുമുള്ള ആളുകൾക്ക് തന്റെ സന്ദേശവും കണ്ടെത്തലും പകർന്നു നൽകുകയും ചെയ്തു.




1984: ശ്രീ മാതാജി സഹജയോഗ പ്രചരണത്തിനായി നടത്തിയ അനേകം യാത്രകളിലൊന്നിൽ വിയന്നയിൽ നിന്ന് വിമാനത്തിൽ കയറാൻ തയ്യാറെടുക്കുന്ന അവസരത്തിൽ.

രാജാക്കന്മാരുടെയും രാജ്ഞിമാരുടെയും സാന്നിധ്യത്തിലുള്ള സായാഹ്ന ആഘോഷങ്ങളിൽ പങ്കെടുക്കുന്ന വേളയിലായാലും, തെരുവുകളിൽ മയക്കുമരുന്നിന് അടിമകളായവരെ രക്ഷിക്കുന്ന വേളയിലായാലും,1995-ൽ ബെയ്ജിംഗിൽ നടന്ന ലോക വനിതാ സമ്മേളനത്തിൽ ഐക്യരാഷ്ട്രസഭയുടെ ഔദ്യോഗിക അതിഥി എന്ന നിലയിലായാലും, നോയിഡയിലെ വിശ്വ നിർമ്മൽ പ്രേം ആശ്രമത്തിന്റെ [നിർധനരായ സ്ത്രീകളുടെയും അനാഥ കുട്ടികളുടെയും ഭവനം] സ്ഥാപക എന്ന നിലയിലായാലും ശ്രീ മാതാജി സ്വതസിദ്ധമായ കൃപയോടെ തന്റെ ദിവ്യമായ സമ്മാനം സകലരുമായി പങ്കുവെച്ചു; ജനസമൂഹത്തിന് കൂട്ടായി ആത്മസാക്ഷാത്കാരം നൽകുക എന്ന ദൗത്യം നടപ്പിലാക്കുന്നതിലുള്ള ശ്രീ മാതാജിയുടെ സമർപ്പണം ശരിക്കും ഹൃദയസ്പർശിയായിരുന്നു.

1980 കളിൽ തുടങ്ങി,ആയിരക്കണക്കിന് ആളുകൾക്ക് സഹജയോഗ അനുഭവിച്ചറിയാൻ അവസരം നൽകിക്കൊണ്ട്,ശ്രീ മാതാജി അഞ്ച് ഭൂഖണ്ഡങ്ങളിലൂടെയും അങ്ങോളമിങ്ങോളം സഞ്ചരിച്ചു. സങ്കൽപ്പിക്കാവുന്ന എല്ലാ ഗതാഗത മാർഗ്ഗങ്ങളും സ്വീകരിച്ചു കൊണ്ട്, പലപ്പോഴും ഒരേ ദിവസം തന്നെ വിവിധ രാജ്യങ്ങളിൽ പൊതുയോഗങ്ങൾ നടത്തി. ഗോർബച്ചോവിന്റെ ഗ്ലാസ്സ്നോസ്റ്റിന്റെയും,പെരെസ്ട്രോയിക്കയുടെയും നയങ്ങൾ പിന്തുടർന്നതും,1989-ലെ ബെർലിൻ മതിലിന്റെ പതനവും,മുൻ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ ആത്മീയതയിലുള്ള ജിജ്ഞാസ വർദ്ധിപ്പിച്ചു.ഇത് ശ്രീ മാതാജിക്ക്,ചിലപ്പോൾ സ്റ്റേഡിയം മുഴുവൻ നിറഞ്ഞു കവിയുന്ന വിധത്തിൽ,വളരെ വലിയ ധ്യാന യോഗങ്ങൾ, സംഘടിപ്പിക്കാനുള്ള അവസരങ്ങൾ നൽകി.ഐ എം ഒ യിൽ നിന്ന് സർ സി.പി. ശ്രീവാസ്തവ വിരമിച്ചതിനു ശേഷം,ശ്രീ മാതാജി ഭർത്താവിനോടൊപ്പം ഇന്ത്യയിലും ഇറ്റലിയിലുമായി മാറിമാറി ജീവിച്ചു.

ശ്രീ മാതാജി തന്റെ ജീവിതത്തിലുടനീളം പരപ്രേരണകൂടാതെ നടത്തിയ നിസ്വാർത്ഥമായ പരിശ്രമങ്ങളും, സാമൂഹിക സമത്വത്തിനുവേണ്ടി കാണിച്ച പ്രതിബദ്ധതയും, ഒപ്പം സഹജയോഗ ധ്യാനത്തിന്റെ ഗുണങ്ങൾ അംഗീകരിച്ചു കൊണ്ടുള്ള വൈദ്യശാസ്ത്രപരവും,ശാസ്ത്രീയവുമായ തെളിവുകളും, സമാധാനത്തിനുള്ള നോബൽ സമ്മാനത്തിനായുള്ള രണ്ട് നാമനിർദ്ദേശങ്ങൾ ഉൾപ്പെടെ ഉയർന്ന തലത്തിലുള്ള നിരവധി അന്താരാഷ്ട്ര ബഹുമതികൾ ശ്രീ മാതാജിക്ക് നേടിക്കൊടുത്തു.ലോകത്തിലെ വിവിധ രാജ്യങ്ങൾ, വിശിഷ്ട വ്യക്തികൾ, മാനുഷിക സംഘടനകൾ ഇവയെല്ലാം ശ്രീ മാതാജിയെ പരമാവധി ബഹുമതികൾ നൽകി ആദരിച്ചു:സമാധാന മെഡലുകൾ (ഐക്യരാഷ്ട്ര സഭ),ബഹുമാനബിരുദങ്ങൾ (റുമാനിയ),വർഷത്തിലെ മികച്ച വ്യക്തിത്വത്തിനുള്ള അവാർഡും ബഹുമാന പൗരത്വവും(ഇറ്റലി),സ്വീകരണവും അഭിനന്ദന കത്തുകളും(അമേരിക്ക),നഗരത്തിന്റെ താക്കോൽ സമർപ്പണം(ബ്രസീലിയ),സമർപ്പണ ദിനങ്ങൾ (അമേരിക്ക),വൈദ്യശാസ്ത്രപരവും ശാസ്ത്രീയവുമായ





THE WHITE HOUSE
WASHINGTON

We wish you the very best on this special birthday.

You have witnessed great milestones in American history over the decades, and your personal story represents an important piece of the American narrative. Your experiences and contributions will always be treasured.

We hope you enjoy many more wonderful years.

WWW.WHITEHOUSE.GOV





അംഗീകാരങ്ങൾ(റഷ്യ),ഔദ്യോഗിക സർക്കാർ ക്ഷണങ്ങൾ (ചൈന),ശ്രീ മാതാജിയുടെ പേരിട്ട റോഡുകൾ(ഇന്ത്യ) എന്നിവയാണ് ചില ഉദാഹരണങ്ങൾ.



സഹജയോഗയുടെ സ്ഥാപകയ്ക്ക് പൊതുവേദിയിൽ ആദരാഞ്ജലികൾ അർപ്പിച്ചവരിൽ,മാനുഷിക പ്രവർത്തകൻ ക്ലെയ്സ് നോബലിനെ പോലുള്ള മതേതര നേതാക്കളും,ഗഗൻഗിരി മഹാരാജിനെ പോലുള്ള ദാർശനികരും ഉൾപ്പെടുന്നു;ജോർജ് ഡബ്ല്യു.ബുഷ്,ബറാക് ഒബാമ എന്നീ വ്യത്യസ്ത രാഷ്ട്രീയ കക്ഷികളിലുള്ള അമേരിക്കൻ പ്രസിഡന്റുമാർ;കാലിഫോർണിയ സർവകലാശാല..ബർക്ക്ലെയിലെ ശാസ്ത്രജ്ഞരും,വെയ്ൻ വാൾട്ടർ ഡയർ പോലെയുള്ള തത്ത്വചിന്തകരും ഈ കൂട്ടത്തിലുണ്ട്.ഒരു നല്ല ലോകത്തെ ആഗ്രഹിച്ചുകൊണ്ട്, വ്യത്യസ്ത വീക്ഷണങ്ങൾ ഏകീകരിക്കുക എന്നത് യോഗ എന്ന വാക്കിന്റെ ശബ്ദാർത്ഥത്തിൽ മികച്ച പ്രായോഗിക ഉദാഹരണമാണ്: 'സംയോജനം, സമന്വയം, ബന്ധം'








മുൻപിലത്തെ പേജിൽ മുകളിൽ നിന്ന് താഴേക്ക്:
ലണ്ടൻ 1981: ഒരു ഔദ്യോഗിക ചടങ്ങിൽ ശ്രീ മാതാജി എലിസബത്ത് II രാജ്ഞിയുമായി ഹസ്തദാനം ചെയ്യുന്നു -

പ്രസിഡന്റ് ഒബാമയിൽ നിന്നുള്ള അഭിനന്ദന കത്ത് -
ശ്രീ മാതാജി, ബുക്കറെസ്റ്റ് സർവകലാശാലയിൽ സമ്മേളനത്തിന് ശേഷം -
ഓസ്ട്രേലിയൻ ടെലിവിഷനിലെ ഒരു അഭിമുഖത്തിൽ സഹജയോഗയുടെ ഗുണങ്ങളെക്കുറിച്ച് ശ്രീ മാതാജി സംസാരിക്കുന്നു

ഈ പേജിൽ മുകളിൽ നിന്ന് താഴേക്ക്: ഒരു സമ്മേളനത്തിൽ പങ്കെടുക്കാനായി കൊളംബിയയിൽ എത്തിയ ശ്രീ മാതാജിക്കുള്ള സ്വീകരണം-

"നാലാമത് വനിതാ ലോക സമ്മേളനത്തിൽ" പങ്കെടുക്കാനായി ചൈന ഗവൺമെന്റിന്റെ ഔദ്യോഗിക അതിഥിയായി എത്തിയ ശ്രീ മാതാജി.

ക്ലെയ്സ് നോബൽ ഫൌണ്ടേഷൻ "അംഗീകാരത്തിന്റെ അവാർഡ്" നൽകി ശ്രീ മാതാജിയെ ആദരിക്കുന്നു.

ദി അക്കാദമി ഓഫ് പെട്രോവ്സ്ക്കിയ ശ്രീ മാതാജിയെ ഹോണററി അംഗമായി ആദരിക്കുന്നു.

## ശ്രീ മാതാജിക്ക് ലഭിച്ച പ്രധാന പുരസ്കാരങ്ങളും അംഗീകാരങ്ങളും

**ഇറ്റലി, 1986**

ഇറ്റാലിയൻ സർക്കാർ, വർഷത്തെ മികച്ച വ്യക്തിത്വം എന്ന് പ്രഖ്യാപിച്ചു.

**മോസ്കോ, റഷ്യ, 1989**

ശ്രീ മാതാജി ആരോഗ്യ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ച്ചക്കുശേഷം, സഹജയോഗക്ക് പൂർണ്ണമായ സർക്കാർ പിന്തുണയും ശാസ്ത്രീയ ഗവേഷണത്തിനായുള്ള ധനസഹായവും ലഭിച്ചു.

### ന്യൂയോർക്ക്, 1990-1994

ലോക സമാധാനം കൈവരിക്കാൻ വേണ്ട മാർഗ്ഗങ്ങളും ഉപാധികളും സംബന്ധിച്ച് സംസാരിക്കാനായി ഐക്യരാഷ്ട്ര സഭയുടെ നിരന്തരമായ നാലു വർഷത്തെ ക്ഷണം.

### സെന്റ് പീറ്റേഴ്സ്ബർഗ്, റഷ്യ, 1993

പെട്രോവ്സ്കയ അക്കാദമി ഓഫ് ആർട്ട് ആൻഡ് സയൻസിന്റെ ഓണററി അംഗമായി നിയമിച്ചു. അക്കാദമിയുടെ ചരിത്രത്തിൽ പന്ത്രണ്ട് പേർക്ക് മാത്രമേ ഈ ബഹുമതി ലഭിച്ചിട്ടുള്ളൂ, അവരിൽ ഒരാളാണ് ഐൻസ്റ്റീൻ. വൈദ്യശാസ്ത്രവും ആത്മജ്ഞാനവും സംബന്ധിച്ച ആദ്യ അന്താരാഷ്ട്ര സമ്മേളനം ശ്രീ മാതാജി ഉദ്ഘാടനം ചെയ്തു, അത് പിന്നീട് അക്കാദമിയിൽ ഒരു വാർഷിക പരിപാടിയായി മാറി.

### ബ്രസീൽ, 1994

ബ്രസീലിയയിലെ മേയർ ശ്രീ മാതാജിയെ വിമാനത്താവളത്തിൽ സ്വീകരിച്ച്, നഗരത്തിന്റെ താക്കോൽ സമ്മാനിക്കുകയും അവരുടെ എല്ലാ പരിപാടികൾക്കും സാമ്പത്തിക പിന്തുണ (സ്പോൺസർ) നൽകുകയും ചെയ്തു.

### ബ്രിട്ടീഷ് കൊളംബിയ, കാനഡ, 1994

കാനഡയിലെ ജനങ്ങളുടെ പേരിൽ ബ്രിട്ടീഷ് കൊളംബിയ പ്രവിശ്യയുടെ പ്രധാനമന്ത്രി, മൈക്ക് ഹാർക്കോർട്ട് ശ്രീ മാതാജിക്ക് ഒരു സ്വാഗത കുറിപ്പ് നൽകുകയുണ്ടായി.

### റുമാനിയ, 1995

കോഗ്നിറ്റീവ് സയൻസിൽ ഓണററി ഡോക്ടറേറ്റ് ബിരുദം ലഭിച്ചു.

### ചൈന, 1995

ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര വനിതാ സമ്മേളനത്തിൽ സംസാരിക്കാൻ ചൈനീസ് സർക്കാരിന്റെ ഔദ്യോഗിക അതിഥിയായി ക്ഷണിക്കപ്പെട്ടു.

### യു. എസ്.എ, 1997 and 2000

105-മത്, 106-മത് കോൺഗ്രസുകളിൽ കോൺഗ്രസ്മാൻ ഇലിയറ്റ് എംഗൽ, മാനവീകതയ്ക്കായുള്ള ശ്രീ മാതാജിയുടെ നിർവിരാമമായ സേവനം പ്രശംസിച്ച് അനുമോദന കുറിപ്പ് കോൺഗ്രസ് റെക്കോർഡിൽ രേഖപ്പെടുത്തി.

### കബെല്ല ലിഗുറെ, ഇറ്റലി, 2006

ശ്രീ മാതാജിക്ക് ബഹുമാന സൂചകമായി ഇറ്റാലിയൻ പൗരത്വം ലഭിച്ചു. തുടർന്ന്, "ശ്രീ മാതാജി നിർമ്മല ദേവി വേൾഡ് ഫൗണ്ടേഷൻ ഓഫ് സഹജയോഗ" യുടെ ശിലാസ്ഥാപനം നിർവഹിക്കപ്പെട്ടു. ഫൗണ്ടേഷന്റെ കേന്ദ്രം കബെല്ല ലിഗുറെയിൽ സ്ഥിതി ചെയ്യുന്നു.



# ധ്യാനം

## നിർവ്വിചാരാവസ്ഥയുടെ വരദാനം

"നമ്മുടെ അസ്ഥിത്വത്തിന്റെ മഹത്വവും മനോഹാരിതയും ശാന്തിയും വർത്തിക്കുന്നത് നമ്മുടെ ഉള്ളിൽ തന്നെയാണ്. അതിന്റെ ഒരു സാഗരം തന്നെയുണ്ട് നമ്മുടെ ഉള്ളിൽ. അത് നമുക്ക് പുറത്ത് അന്വേഷിക്കാൻ കഴിയില്ല.അതിനായി നമ്മൾ ഉള്ളിലേക്ക് പോകേണ്ടതുണ്ട്.നിത്യമായത് വർത്തമാന കാലത്തിൽ നിലനിൽക്കുന്നു, ശേഷിക്കുന്നതെല്ലാം മറഞ്ഞു പോകുന്നു."

പരമ പൂജ്യ ശ്രീ മാതാജി നിർമ്മല ദേവി,
പ്രഭാഷണം, സിഡ്നി 1983

മുകളിലുള്ള ഉദ്ധരിണിയിലെ ശ്രീ മാതാജിയുടെ വാക്കുകൾ, യഥാർത്ഥമായ അനശ്വര നിമിഷം, അതായത് വർത്തമാനകാലം,അതിൽ നിലനിൽക്കുവാനായി നമ്മുടെ ഉള്ളിൽ തന്നെ അന്വേഷിക്കാൻ നാം പ്രേരിതമാകുന്നു.അത് കൈവരിക്കാൻ ഉള്ള രീതിയും ശ്രീ മാതാജി നമുക്ക് നൽകിയിട്ടുണ്ട്: സഹജയോഗ ധ്യാനം

**എന്നാൽ ധ്യാനം എന്നതുകൊണ്ട് കൊണ്ട് നമ്മൾ എന്താണ് അർത്ഥമാക്കുന്നത്?**
സഹജയോഗയെ അതുല്യമാക്കുന്നത് എന്താണ്? ശ്രീ മാതാജിയുടെ ഈ കണ്ടുപിടിത്തത്തിന്റെ പ്രത്യേക പ്രാധാന്യം എന്താണ്? ആത്മസാക്ഷാത്കാരം എന്നാൽ എന്താണ്? ധ്യാനം എന്നത് വാക്കുകൾക്കും ചിന്തകൾക്കും അതീതമായ ഒരു അനുഭവം ആണെങ്കിലും,വിവരണാതീതമായ ഈ ഒരു തലത്തെ നിർവ്വചിക്കാൻ ശ്രമിക്കുമ്പോൾ നമ്മൾ ഉപയോഗിക്കുന്ന പദങ്ങളുടെയും പദപ്രയോഗങ്ങളുടെയും അർത്ഥം ആദ്യം തന്നെ വിശദീകരിക്കുന്നത് ശരിയായിരിക്കും എന്ന് തോന്നുന്നു.

**ആദ്യമായി, സഹജയോഗ എന്നതിന്റെ അർത്ഥമെന്താണ്?**
'യോഗ' എന്നതിൻറെ അർത്ഥം ശബ്ദാർത്ഥത്തിൽ നിന്നുതന്നെ നമുക്ക് തുടങ്ങാം.നമ്മൾ വിശ്വാസിച്ചിരുന്നതിന് വിരുദ്ധമായി, "യോഗ" എന്ന വാക്കിനെ ഒരു ശാസ്ത്രവിധിയെന്നൊ, ഒരു പരിശീലനമുറയെന്നോ, വ്യായാമങ്ങളുടെ ഒരു പരമ്പരയെന്നോ മാത്രമല്ല പരാമർശിക്കപ്പെടുന്നത്, "യോഗ" എന്നത് പ്രപഞ്ച ശക്തിയുമായി കൂടി ചേർന്നു നിൽക്കുന്ന നമ്മുടെ അസ്ഥിത്വത്തിന്റെ ഒരു അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്.ശബ്ദോൽപത്തി അനുസരിച്ചു 'കൂടിച്ചേരൽ' എന്നാണതിനർത്ഥം.'സഹജ' എന്നാൽ “സ്വാഭാവികമായ” എന്നാണ് സാധാരണ തർജ്ജമയെങ്കിലും,വാച്യാർത്ഥത്തിൽ 'കൂടെ ജനിച്ചത്' എന്നാണർത്ഥം.അതിനാൽ മനുഷ്യനെന്ന നിലയിൽ നമ്മുടെ ഏറ്റവും വലിയ സാധ്യതകളുടെ പൂർത്തീകരണത്തെ പ്രതിനിധീകരിക്കുന്ന സ്വാഭാവികമായ ഒരു കൂടിച്ചേരൽ എന്നാണ് പരാമർശം.

**എന്നാൽ എന്തുമായുള്ള ഒരു കൂടിച്ചേരൽ?**
നമ്മുടെ ഉള്ളിലുള്ള കുണ്ഡലിനി എന്നറിയപ്പെടുന്ന സൂക്ഷ്മമായ ശക്തിയും,നമ്മുടെ ചുറ്റുമുള്ള പ്രപഞ്ച ശക്തിയും തമ്മിലുള്ള കൂടിച്ചേരലാണത്."കുണ്ഡലിനി" എന്ന പേര് 'കുണ്ഡൽ' എന്ന ശബ്ദത്തിൽ നിന്നാണ് വന്നത്, അതായത് ചുരുണ്ടത് എന്നർത്ഥം, അതേസമയം "നി" എന്ന പ്രത്യയം സൂചിപ്പിക്കുന്നത് ഈ വാക്ക് സ്ത്രീലിംഗമാണെന്നാണ്.ഇത് നമ്മുടെ നട്ടെല്ലിന്റെ അടിവശത്ത് ത്രികാസ്ഥിയിൽ കുണ്ഡല രൂപത്തിൽ ഉറങ്ങിക്കിടക്കുന്ന ഒരു മാതൃശക്തിയാണ്.

കബീറിനെയും ജ്ഞാനേശ്വരനേയും പോലെയുള്ള പഴയ കാലത്തെ കവികളും ജ്ഞാനികളും, ത്രികാസ്ഥിയിൽ കുടികൊള്ളുന്ന ഈ സ്ത്രൈണ ശക്തിയെ കുറിച്ച് വിവരിച്ചിട്ടുണ്ട്.മാത്രമല്ല, ഒരിക്കൽ ഉണർത്തപ്പെട്ടാൽ എങ്ങനെയാണത് നമ്മുടെ നട്ടെല്ലിനുള്ളിലെ, ചക്രങ്ങൾ എന്നറിയപ്പെടുന്ന ഏഴു ഊർജ്ജകേന്ദ്രങ്ങളിലൂടെ മുകളിലേക്ക് സഞ്ചരിച്ച് നമ്മുടെ നാഡി വ്യവസ്ഥിതിയിലെ നാഡീവ്യൂഹവുമായി ഏകീഭവിച്ചു പോകുന്നതെന്നും, അവസാനം മൂർദ്ധാവിലെ സഹസ്രാര പ്രദേശത്തുകൂടി ചൈതന്യധാരയായി പുറത്തേക്ക് ഒഴുകുന്നതെന്നും വിവരിച്ചിട്ടുണ്ട്. കുണ്ഡലിനി ശക്തിയെ ഉണർത്തുക എന്നതു തന്നെയാണ് ജീവിതത്തിന്റെ പരമമായ ലക്ഷ്യമായി മിക്കവാറും എല്ലാ യോഗശാസ്ത്രങ്ങളിലും, നിഗൂഢതത്വശാസ്ത്രങ്ങളിലും നിർവചിക്കപ്പെട്ടിട്ടുള്ളത്,മാത്രമല്ല പാശ്ചാത്യ പൗരസ്ത്യ ധ്യാന രീതികളിൽ ഇതിനെ ആത്മസാക്ഷാത്കാരം എന്നാണ് പരാമർശിക്കുന്നത്.

**അതിനർത്ഥം എന്താണ്?**
ആത്മ സാക്ഷാത്കാരത്തിന് മൂന്ന് അർത്ഥ തലങ്ങൾ ഉണ്ട്: "സാക്ഷാത്ക്കരിക്കുക" എന്നാൽ

"യാഥാർത്ഥ്യമാക്കുക," എന്ന ഒരു അർത്ഥം, അതായത് ആത്മാവ് എന്ന യാഥാർത്ഥ്യത്തെ പ്രായോഗികമായി അനുഭവിച്ചറിയുക; രണ്ടാമതായി,"സാക്ഷാത്ക്കരിക്കുക" എന്നാൽ "അറിയുക" എന്ന ഒരർത്ഥം, അതായത് സ്വന്തം ആന്തരിക മാനത്തിലൂടെ താനും ഈ പ്രപഞ്ചശക്തിയുടെ അഭിവാജ്യ ഘടകമാണെന്ന് ബോധ്യപ്പെടുക; മൂന്നാമതായി, "സാക്ഷാത്ക്കരിക്കുക" എന്നാൽ "പൂർണ്ണത കൈവരിക്കുക", അതായത് നമ്മുടെ അസ്ഥിത്വത്തിന്റെ മുഴുവൻ സാധ്യതകളേയും പൂർണ്ണമാക്കുക.

**എന്നാൽ ആത്മാവ് എന്നത് എന്താണ്?**
പ്രശസ്ത മാനസികാപഗ്രഥനായ കാൾ ഗുസ്താവ് യുങ്ങിന്റെഅഭിപ്രായത്തിൽ,ആത്മാവ് പ്രതിനിധാനം ചെയ്യുന്നത് ബോധമനസ്സിന്റെയും അബോധമനസ്സിന്റെയും ഭാഗങ്ങളിൽ ഉള്ള ഒരാളുടെ വ്യക്തിത്വത്തിന്റെ ഐക്യവും സമ്പൂർണ്ണതയും ആണ്. പുരാതന ഋഷിമാരും തത്ത്വചിന്തകരും പറയുന്നതു പോലെ, നമുക്ക് നമ്മെ തന്നെ അറിയാൻ സഹായിക്കുന്ന ഒരു അനുഭവമാണ് ആത്മസാക്ഷാത്കാരം.മാത്രമല്ല ആത്യന്തികമായി, സ്വയം ആത്മാവായിത്തീരുക എന്നാണ് ആധുനിക തത്വ ചിന്തകരും പറയുന്നത്.പുരാതനമായ യോഗയുടെ ചരിത്രത്തിൽ "ആത്മസാക്ഷാത്കാരം" ലഭിച്ചവർ അല്ലെങ്കിൽ പ്രബുദ്ധരായ ഗുരുക്കന്മാരായി മാറിയവർ വളരെ കുറച്ചു പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതായത്, കുണ്ഡലിനിശക്തിയെ സ്വയം ഉണർത്താൻ കഴിവുള്ളവർ വളരെ ചുരുക്കം.അവർക്ക് അത് സാധിച്ചതു തന്നെ വളരെ നാളത്തെ തപസ്യയുടെയും കഠിന പരിശ്രമത്തിന്റെയും ഫലമായാണ്. പകരം, ശ്രീ മാതാജി, വെളിപ്പെടുത്തിയ ധ്യാന വിദ്യ ഉപയോഗിച്ച്, ആളുകൾക്ക് അവരുടെ ശുദ്ധ ഇച്ഛയിലൂടെ കുണ്ഡലിനി ശക്തിയെ സ്വയമേവ ഉണർത്താനും, ധ്യാന മുറകളിലൂടെ അവരുടെ ശ്രദ്ധയെയും ഇച്ഛയെയും സന്തുലിതാവസ്ഥയിലേക്ക് കൊണ്ടുവരാനും കഴിയുന്നു. തീർച്ചയായും, നമ്മൾ ഉടൻ തന്നെ പൂർണ്ണമായി പ്രബുദ്ധരാവുന്നില്ല. എന്നാൽ നമ്മുടെ ഉള്ളിലുള്ള സൂക്ഷ്മമായ ഊർജ്ജത്തെ ആത്മപരിശോധനയിലൂടെയും ധാരണയിലൂടെയും പ്രയോഗക്ഷമമാക്കി, നമുക്ക് പൂർണ്ണമായ ആത്മ സാക്ഷാത്കാരത്തിലേക്ക് എത്തിച്ചേരാൻ സാധിക്കുന്നു.

**അവസാനമായി ധ്യാനത്തെ നമുക്ക് എങ്ങനെ നിർവചിക്കാൻ കഴിയും?**
യോഗികൾ ധ്യാനത്തെ പൂർണ്ണമായ "നിർവ്വിചാര അവബോധം" എന്നാണ് പറയുന്നത്.അതായത് ആന്തരികമായ ആനന്ദത്താൽ, അഗാധമായ മാനസിക ശാന്തി മുഴുവനായും വ്യാപിക്കുന്ന ഒരു അവസ്ഥ, അപ്പോൾ നമ്മുടെ അവബോധം പൂർണ്ണമായും വർത്തമാനകാലത്തിലായിരിക്കും മുഴുകിയിരിക്കുക. ഇത് യാഥാർഥ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല, എന്നാൽ തികച്ചും വിപരീതം.നമുക്ക് സ്വയം മനസ്സിലാക്കാനും മെച്ചപ്പെടാനും അനുവദിക്കുന്ന ശക്തമായ ഒരു ഉപാധിയാണിത്, അത് കൊണ്ട് തന്നെ ഈ വ്യക്തിഗതമായ വളർച്ചയ്ക്ക് സമൂഹത്തെ മൊത്തത്തിൽ സ്വാധീനിക്കാൻ കഴിയുന്നു. ശ്രീ മാതാജി സ്വന്തം ജീവിതകാലത്ത് കൃത്യമായി ചെയ്തതും ലോകമെമ്പാടുമുള്ള അവരുടെ ആയിരക്കണക്കിന് അനുയായികൾ തുടർന്നു ചെയ്തു കൊണ്ടിരിക്കുന്നതും ഇതു തന്നെയാണ്.






ഊർജ്ജകേന്ദ്രങ്ങളുടെയും നാഡികളുടെയും സൂക്ഷ്മമായ സംവിധാനം

# പ്രബുദ്ധമാക്കപ്പെട്ട ഔഷധം

## പാശ്ചാത്യ ശാസ്ത്രവും പൗരസ്ത്യ ജ്ഞാനവും

സഹജയോഗ ധ്യാനം രോഗ ലക്ഷണങ്ങളെ അറിയുകയും അതേസമയം പ്രശ്നങ്ങളുടെ മൂലകാരണങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ആറ് നാഡി വ്യൂഹങ്ങളുടേയും, എൻഡോക്രൈൻ ഗ്രന്ഥികളുടേയും തലത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള, ആറ് പ്രധാന ഊർജ്ജ കേന്ദ്രങ്ങൾ (ചക്രങ്ങൾ) സ്ഥിതി ചെയ്യുന്ന സൂക്ഷ്മ ശരീരത്തെ കുറിച്ചുള്ള അറിവിനെ അടിസ്ഥാനമാക്കിയാണ് അത് പ്രവർത്തിക്കുന്നത്.നമ്മുടെ തലച്ചോറിലെ വികാരങ്ങളെ നിയന്ത്രിക്കുന്ന ലിംബിക് വ്യവസ്ഥയുമായി ആശയവിനിമയം നടത്തുന്ന അവസാനത്തെയും ഏഴാമത്തെയും ഊർജ്ജ കേന്ദ്രമാണ് (ചക്രമാണ്) അവയെ സംയോജിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്.

സുഷുമ്നാ നാഡിയിലൂടെ സൂക്ഷ്മമായ ഊർജ്ജം ഉയർന്നു വരുമ്പോഴാണ് നിർവിചാരാവസ്ഥ കൈവരിക്കാനാകുന്നത്.അത് തലച്ചോറിലെത്തുമ്പോൾ സുഷുമ്ന നാഡീവ്യവസ്ഥയെയും ലിംബിക് വ്യവസ്ഥയേയും ഉത്തേജിപ്പിക്കുന്നു.യോഗികൾ ആത്മീയമായി അനുഭവിക്കുന്ന "മാനസിക നിശ്ശബ്ദത"യുടെ ശാന്തമായ അവസ്ഥയും, ആനന്ദവും യഥാർത്ഥത്തിൽ ശരീര ശാസ്ത്രപരമായുള്ള പരസ്പരബന്ധത്തെ കാണിക്കുന്നു.ഇപ്രകാരം സഹജയോഗ ധ്യാനം, സുഷുമ്ന നാഡിയുടെ പ്രവർത്തനം വർദ്ധിപ്പിക്കുന്നതിലൂടെ ശാരീര ശാസ്ത്രപരമായ ഘടകങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതായി കാണിച്ചിട്ടുണ്ട്.ഇത് സമ്മർദ്ദം ഒഴിവാക്കുന്നതിനും ശാരീരിക പ്രവർത്തനങ്ങൾ പുനഃസ്ഥാപിക്കുന്നതിനും ഇടയാക്കുന്നു, അങ്ങനെ രക്തസമ്മർദ്ദം, ഹൃദയമിടിപ്പ്, ശ്വസനം, പൾസ് നിരക്ക്, ഓക്സിജൻ മെറ്റബോളിസം, സ്ട്രെസ് ഹോർമോണുകൾ എന്നിവ കുറക്കുന്നതിന് കാരണമാകുന്നു.

ആധുനിക ബ്രെയിൻ ഇമേജിങ്ങ് പഠനം തെളിയിക്കുന്നത്, ചിന്താശൂന്യമായ അവസ്ഥ, അനുകൂല വികാരങ്ങളെ സഹായിക്കുന്ന ലിംബിക് മസ്തിഷ്ക മേഖലകളിലെ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നു എന്നാണ്.അതേ തുടർന്ന് മസ്തിഷ്കത്തിൽ 'സന്തോഷം" എന്ന വികാരം സ്ഥായിയാക്കുന്ന ബീറ്റാ-എൻഡോർഫിൻ എന്ന രാസപദാർത്ഥം പുറത്തേക്ക് വിടുകയും, അത് വിശ്രമത്തിനും പ്രതിരോധ സംവിധാനം വർദ്ധിപ്പിക്കുന്നതിനും കാരണമാകുകയും ചെയ്യുന്നു.

സഹജയോഗ ധ്യാനം ദീർഘകാലമായി പരിശീലിക്കുന്ന യോഗികളിൽ, ധ്യാനം ചെയ്യാത്ത ആളുകളെക്കാൾ, ശ്രദ്ധ, ആത്മനിയന്ത്രണം, വികാര നിയന്ത്രണം എന്നീ മേഖലകളിൽ കൂടിയ അളവിൽ ചാര ദ്രവ്യം (grey matter) കാണപ്പെടുന്നു.ധ്യാനത്തിലൂടെയുള്ള ഈ പ്രദേശങ്ങളുടെ ദീർഘകാല ഉപയോഗം മൂലം, മസ്തിഷ്ക ഘടനയിൽ ഉണ്ടാവുന്ന വർദ്ധനവ്, മസ്തിഷ്കത്തിലെ ഈ പ്രദേശങ്ങളുടെ ഘടനയിൽ പ്രായവുമായി ബന്ധപ്പെട്ട് സാധാരണയുണ്ടാവുന്ന ക്ഷയത്തിൽ കുറവു വരുത്തുന്നതായി കരുതപ്പെടുന്നു,ദീർഘകാലമായി ധ്യാനിക്കുന്നവർക്ക് പ്രായം കുറഞ്ഞ മസ്തിഷ്ക്കം ആയിരിക്കുമെന്ന് ഇത് സൂചിപ്പിക്കുന്നു.

സഹജയോഗ ധ്യാനം, സാമാന്യവും മാനസികവുമായ ശരാശരി ആരോഗ്യത്തേക്കാൾ മികച്ച ആരോഗ്യസ്ഥിതിയിലേക്ക് നയിക്കുന്നു, അത് ധ്യാനിക്കുന്നയാൾ കൈവരിക്കുന്ന നിർവിചാരാവസ്ഥയുടെ ദൈർഘ്യവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.ജോലി, സമ്മർദ്ദം, വിഷാദം, ഉത്കണ്ഠ, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ (എ ഡി എച്ച്ഡി), മയക്കുമരുന്ന് ദുരുപയോഗം, രക്താതിസമ്മർദ്ദം, അപസ്മാരം, ആസ്ത്മ എന്നിവയുൾപ്പെടെയുള്ള വിവിധ ശാരീരികവും മാനസികവുമായ രോഗങ്ങൾക്ക് പ്രധാനമായും സഹജയോഗ ധ്യാനം വഴി രോഗശമന ഫലങ്ങളുണ്ടെന്ന് ക്ലിനിക്കൽ ഗവേഷണം കാണിക്കുന്നു. സഹജയോഗ ധ്യാനത്തിന് ഗുണകരമായ ഫലങ്ങൾ അല്ലാതെ, പ്രതികൂല പാർശ്വഫലങ്ങളൊന്നും ഇതുവരെയും നിരീക്ഷിക്കപ്പെട്ടിട്ടില്ല.




ഫോട്ടോ:1993: ന്യൂ ഡൽഹി ഇന്ത്യ, ശ്രീ മാതാജി ഒരു മെഡിക്കൽ കോൺഫറൻസിൽ സഹജയോഗ ധ്യാനത്തിന്റെ പ്രയോജനങ്ങൾ വിശദീകരിക്കുന്നു.

### സൂചിക

ഹെർണാണ്ടസ് എസ് ഇ, സുയറോ ജെ, ബാർറോസ് എ,ഗോൻൺസാലെസ്- മോറ ജെ എൽ,റൂബിയ കെ. ദീർഘകാല സഹജയോഗ ധ്യാനവുമായി ബന്ധപ്പെട്ട മസ്തിഷ്ക്കത്തിലെ ചാര ദ്രവ്യത്തിന്റെ വർധന:ഒരു വോക്സൽ അടിസ്ഥാനമാക്കിയുള്ള മോർഫോമെട്രി പഠനം.പ്ലോസ് വൺ, 2016.
https://doi.org/10.1371/journal.pone.0

# ജ്ഞാനദീപ്തമായ കല

## സൗന്ദര്യവും സത്യവും



യുഗങ്ങളിലുടനീളം, എല്ലാ സംസ്കാരങ്ങളിലും, പ്രബുദ്ധരായ കലാകാരന്മാർ അവരുടെ സൃഷ്ടികളുടെ മഹത്വത്തിലൂടെ സാർവത്രിക മൂല്യങ്ങളുടെ സനാതനത്വത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. മൊസാർട്ടിന്റെ ലയ സ്വരമാധുര്യം, റാഫേലിന്റെ പ്രശാന്തമായ വർണ്ണ രചനകൾ, താജ്മഹലിന്റെ ഗാംഭീര്യം, കബുക്കി നാടക കലകളുടെ ചാരുത ഇതിലെല്ലാം ഭൂരിഭാഗം മനുഷ്യർക്കും ആ കലാസൃഷ്ടികൾക്കു നേരെയുള്ള സൗന്ദര്യ ആസ്വാദനത്തെ കുറിച്ച് മാത്രമല്ല നമ്മൾ സംസാരിക്കുന്നത്.

കൂടുതൽ ആഴത്തിൽ, ഇവയെല്ലാം ആ സംസ്കാരത്തെയും പാരമ്പര്യത്തെയും വിശേഷിപ്പിക്കുന്ന ഉൾകാഴ്ചകളും സത്യങ്ങളുമാണ്. എക്കാലത്തെയും മികച്ച കലാകാരന്മാരുടെ സൃഷ്ടികളിൽ പ്രതീകാത്മക രൂപത്തിൽ കാണുന്നത് അന്നത്തെ സംസ്കാരങ്ങളുടെ മൂലരൂപമാണ്. ഈ രീതിയിൽ, പിയറോ ഡെല്ല ഫ്രാൻസെസ്കയുടെ പെയിന്റിങ്ങുകൾ വേദ സംസ്കാരത്തിൽ നിന്നുള്ള ചിഹ്നങ്ങളെ വെളിപ്പെടുത്തുന്നു, അതേസമയം ഷേക്സ്പിയറിന്റെ ചില വരികൾ കൺഫ്യൂഷ്യസിന്റെ വചനങ്ങളുമായി സാമ്യമുള്ളതാണ്.



ഡാന്റെ, കബീർ, റൂമി, വില്യം ബ്ലേക്ക് എന്നിവരുടെ വരികളിലും അതേ ശക്തമായ, സാർവത്രിക പ്രചോദനം കാണാം. ആധുനിക സാഹിത്യത്തിലെ ഏറ്റവും പ്രശസ്തമായ ഒരു ഖണ്ഡികയിൽ, മഹാനായ റഷ്യൻ എഴുത്തുകാരൻ ഫ്യോദർ ദസ്തയേവ്സ്കിയുടെ "ഇഡിയറ്റ്" എന്ന സാഹിത്യരചനയിൽ- ആദിമ ഗുണങ്ങളായ നിഷ്കളങ്കതയുടെയും വിശുദ്ധിയുടെയും സാഹിത്യ പ്രതിരൂപമായ മിഷ്കിൻ രാജകുമാരനോട് ഒരു ചോദ്യം:"ഇത് ശരിയാണോ രാജകുമാരൻ, നിങ്ങൾ പറയുന്നതു പോലെ, സൗന്ദര്യം ലോകത്തെ രക്ഷിക്കുമോ?



ശ്രീ മാതാജിയുടെ ജീവിതം ഈ ചോദ്യത്തിന് സ്ഥിരീകരണവും സന്തോഷകരവുമായ ഉത്തരം നൽകുന്നു. കലയും സംഗീതവും എങ്ങനെ കിഴക്കിനെയും പടിഞ്ഞാറിനെയും ബന്ധിപ്പിക്കുന്നുവെന്ന് ശ്രീ മാതാജി സാന്ദ്രമായി കാണിച്ചുതന്നിട്ടുണ്ട്, കാരണം സൗന്ദര്യം എല്ലാവർക്കും അനുഭവപ്പെടുന്ന സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും സൂക്ഷ്മമായ ആവശ്യങ്ങളെ നിറവേറ്റുന്നു. "കലോസ് കൈ അഗതോസ്" എന്ന പുരാതന പദസമുച്ചയത്തിൽ ഗ്രീക്കുകാർ സംഗ്രഹിച്ച ' ധാർമ്മികവും സൗന്ദര്യാത്മകവുമായ പൂർണ്ണതയുടെ" ആദർശം പോലെയുള്ള ഉദാഹരണങ്ങൾ ശ്രീമാതാജി ചൂണ്ടി കാട്ടുന്നു."മനോഹരമായതിന് എല്ലാ ഗുണങ്ങളും ഉണ്ട്". സൗന്ദര്യത്തിനും ഐക്യത്തിനും സന്തുലിതാവസ്ഥയ്ക്കും അകത്തും പുറത്തും ഉള്ള സാർവത്രിക മൂല്യങ്ങളുടെ ഗുണങ്ങളുണ്ട്. ആന്തരിക സത്യവും ബാഹ്യ പ്രകടനവും തമ്മിലുള്ള ഈ സന്തുലിതാവസ്ഥയെ പ്രകടിപ്പിക്കാൻ കലക്ക് സാധ്യമാകുന്നു.



“ശുദ്ധമായ കലയാണെങ്കിൽ, അത് സ്വയമേവ അതിശയകരവും അത്യധികം ആനന്ദം നൽകുന്നതുമാണ്. ഇത്രയധികം ശുദ്ധമായ ഒരു കലാസൃഷ്ടി നിങ്ങൾ കാണുമ്പോഴോ കേൾക്കുമ്പോഴോ, എല്ലാ ചിന്തകളും നിലക്കുന്നു, ആ കലാകാരന്റെ സ്വന്തം ഹൃദയത്തിൽ അനുഭവപ്പെടുന്ന ആനന്ദത്തിന്റെ സൗന്ദര്യത്തിന് നിങ്ങളും സാക്ഷ്യം വഹിക്കാൻ തുടങ്ങുന്നു. യഥാർത്ഥവും സത്യവുമായിട്ടുള്ളത് എന്താണെന്നതിനെക്കുറിച്ചുള്ള ഈ സൂക്ഷ്മമായ ധാരണയാണ് ആത്മ സാക്ഷാത്കാരം ലഭിച്ചവരുടെ വര പ്രസാദം. അത് കേവലം യുക്തിയുടെ ഉൽപ്പന്നങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ തരത്തിലുള്ളതാണ്”.

മെറ്റാ മോഡേൺ യുഗം

ശ്രീ മാതാജി നിർമ്മല ദേവി







മുകളിലെ ചിത്രം “വില്യം ബ്ലെയ്ക്ക് - "ചുഴലിക്കാറ്റിലൂടെ ദൈവം ജോബിന് ഉത്തരം നൽകുന്നു". മധ്യഭാഗത്ത് ഇടത്: മൈക്കലാഞ്ചലോയുടെ "ആദാമിന്റെ സൃഷ്ടി"". താഴെ ഇടത്: താജ് മഹലിന്റെ" ഒരു ഫോട്ടോ".

ഈ പേജിൽ മുകളിൽ ഇടതുവശത്ത്: മൈക്കലാഞ്ചലോയുടെ ഒരു ഛായാചിത്രം. മുകളിൽ വലത്: വില്യം ബ്ലേക്കിന്റെ ഒരു ഛായാചിത്രം. ഇടതുവശത്ത് താഴെ: രബീന്ദ്രനാഥ് ടാഗോർ.

എന്നിരുന്നാലും, ശ്രീ മാതാജി സൗന്ദര്യവും സത്യവും തമ്മിലുള്ള ബന്ധത്തിന്റെ സിദ്ധാന്തത്തെക്കുറിച്ച് മാത്രമല്ല സംസാരിച്ചത്; മറിച്ച്, അത് എല്ലാവർക്കും പ്രാപ്യമായ ഒരു അനുഭവമാക്കി മാറ്റാൻ അവർ ശ്രമിച്ചു. ഇതിനായി, ശ്രീ മാതാജി അന്താരാഷ്ട്ര പ്രാധാന്യമുള്ള നിരവധി പ്രധാന സാംസ്കാരിക പദ്ധതികൾക്ക് രൂപം നൽകി: ഇന്ത്യയിലെ നാഗ്പൂരും വൈതരണയിലുമുള്ള ഇന്റർനാഷണൽ അക്കാഡമി ഓഫ് മ്യൂസിക്; ടോഗ്ലിയാട്ടിയിലെ റഷ്യൻ അക്കാദമി; തിയറ്റർ ഓഫ് എറ്റേണൽ വാല്യൂസ് എന്ന ഒരു കമ്പനി.ഈ കമ്പനി വർഷങ്ങളായി എല്ലാ പാരമ്പര്യത്തിൽ നിന്നുമുള്ള വിശിഷ്ട സാഹിത്യ കൃതികളെ അവതരിപ്പിക്കുന്നു (മോലിയേ, ഗോഥെ മുതൽ വിവിധ സെൻ സ്കൂളുകളിൽ നിന്നുള്ള പാഠങ്ങൾ വരെ).

മേൽ പറഞ്ഞ സംരംഭ പട്ടികയിലെ അവസാന പദ്ധതിയിൽ ആത്മസംസ്കാര കലോത്സവങ്ങൾ,നിർമൽ ആർട്സ് അക്കാദമി എന്നിവയുൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. ഇത് എല്ലാ വർഷവും ഇറ്റലിയിലും അമേരിക്കയിലും, ലോകമെമ്പാടുമുള്ള ഡസൻ കണക്കിന് കലാകാരന്മാരെയും നൂറുകണക്കിന് കാണികളെയും ഒരുമിച്ച് കൊണ്ടുവരുന്നു.കലയും സൗന്ദര്യവും സ്നേഹവും തമ്മിലുള്ള അഗാധമായ ബന്ധത്തിന്റെ മൂർത്തമായ ഉദാഹരണങ്ങളാണിവ.

ദീപ്തമായ ലാളിത്യത്തോടെ ശ്രീമാതാജി വിശദീകരിക്കുന്നു:"അതിനാൽ സരസ്വതി ദേവിയുടെ എല്ലാ സർഗ്ഗാത്മകതയുടെയും അടിസ്ഥാനം സ്നേഹമാണ്.സ്നേഹമില്ലെങ്കിൽ സർഗ്ഗാത്മകതയില്ല."

# ശ്രീ മാതാജിയുടെ പൈതൃകം

## മാനവരാശിക്ക് വേണ്ടി സമർപ്പിക്കപ്പെട്ട ജീവിതം

"അതെല്ലാം സാധ്യമാണ്. എല്ലാകാര്യങ്ങളും മനുഷ്യസഹജമായി സാധ്യമാണ്, എന്നാൽ നിങ്ങൾ അതിൽ നിമഗ്നരാകാതെ, സ്നേഹിക്കാനും സ്നേഹം ആസ്വദിക്കാനും എളുപ്പമല്ല. ആളുകൾ പരസ്പരം ഇങ്ങനെ സ്നേഹിക്കുന്നത് കാണുക എന്നത് തന്നെ വളരെ ചാരിതാർത്ഥ്യം നൽകുന്നതും ആർദ്രത നിറഞ്ഞതുമാണ്, അതിനെ തുടർന്ന് ഈ സ്നേഹം വ്യാപകമാകുന്നു. സ്നേഹം സ്നേഹത്തിനു കാരണമാകുന്നു.ഒരാളുടെ ഉള്ളിൽ സ്നേഹമുണ്ടെങ്കിൽ അത് പ്രസരിക്കും. അയാൾക്ക് അത് ആരോടും പറഞ്ഞറിയിക്കേണ്ട കാര്യമില്ല, പറഞ്ഞു ഫലിപ്പിക്കേണ്ടതില്ല. എന്നാലും അത് വ്യാപിക്കും. മറ്റൊരാളുടെ ഉള്ളിലുള്ള സ്നേഹം എങ്ങനെയാണ് അറിയാൻ കഴിയുക: അതാണ് ഓരോരുത്തരും പഠിക്കേണ്ട കാര്യം."

പ്രഭാഷണം, കബെല്ല ലിഗുറെ, 2004
ശ്രീ മാതാജി നിർമ്മല ദേവി

"സത്യാന്വേഷികളായ എല്ലാവരെയും ഞാൻ നമിക്കുന്നു ..." ഈ വാക്കുകളോടെ ആയിരുന്നു ലോകമെമ്പാടുമുള്ള യാത്രകളിൽ ശ്രീ മാതാജി തന്റെ പ്രഭാഷണങ്ങൾ ആരംഭിക്കാറുണ്ടായിരുന്നത്. ശ്രീ മാതാജിയുടെ വിനയവും ജ്ഞാനവും സ്നേഹനിർഭരമായ ഊർജ്ജവും, അവരെ കണ്ടുമുട്ടുന്ന ആരെയും ചുരുക്കി പറഞ്ഞാൽ പ്രബുദ്ധമാക്കും. ഇരുട്ടിൽ ഒരു ദീപസ്തംഭം പോലെ, അന്തർലീനമായ ആന്തരിക സത്യം കണ്ടെത്താനും അതുമായി ബന്ധപ്പെടാനുമുള്ള ആഗ്രഹത്തോടെ എത്തുന്ന ഏതൊരു സത്യാന്വേഷിയിലും ഒരു വെളിച്ചത്തിന്റെ കണം ജ്വലിപ്പിക്കാൻ ശ്രീ മാതാജിക്ക് കഴിഞ്ഞു.

വ്യക്തിപരമായ വളർച്ചയ്ക്ക് വളരെ അത്യാവശ്യമായ സ്വാതന്ത്ര്യം, അതിനോട് അഗാധമായ ബഹുമാനം പ്രകടമാക്കിക്കൊണ്ട്, അഞ്ച് ഭൂഖണ്ഡങ്ങളിലൂടെയും ഉള്ള തന്റെ നാൽപത് വർഷത്തെ യാത്രയിൽ കണ്ടുമുട്ടിയ ദശലക്ഷക്കണക്കിന് ആളുകൾക്ക് സഹജയോഗയുടെ അറിവും സാങ്കേതികതകളും സൗജന്യമായി ലഭ്യമാക്കി കൊണ്ട് ശ്രീ മാതാജി തന്റെ ജീവിതം മാനവരാശിയുടെ ആന്തരിക പരിണാമത്തിനായി സമർപ്പിച്ചു. നമ്മുടെ എല്ലാവരുടെയും ഉള്ളിൽ അവശ്യമായി ഉണ്ടായിരിക്കേണ്ട നിഷ്കളങ്കതയിൽ നിന്നു തുടങ്ങി ആന്തരിക പരിവർത്തനവുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും, എല്ലാ തത്വങ്ങളും, ഒരു അമ്മയുടെ സ്നേഹത്തോടേയും സൗമ്യമായ ക്ഷമയോടേയും, പരിപാലിക്കാൻ ശ്രീ മാതാജി ശ്രദ്ധിച്ചു.

ഈ സുപ്രധാനമായ ഊർജ്ജത്തെ പരിപോഷിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ശ്രീ മാതാജി വളരെയധികം പ്രാധാന്യം നൽകി, പ്രത്യേകിച്ചും യുവതലമുറകളിൽ. സഹജയോഗ ദൂരവ്യാപകമായി പ്രചരിപ്പിക്കുന്നതിലൂടെ മാത്രമല്ല, ലോകമെമ്പാടുമുള്ള വിവിധ രാജ്യങ്ങളിൽ ശ്രീ മാതാജിയുടെ തത്വാധിഷ്ഠിതമായ ഉപദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തതിലൂടെയാണ് ഇത് സാധ്യമായത്. ഈ വിദ്യാലയങ്ങളിൽ, തങ്ങൾ പൂർണ്ണതയുടെ ഭാഗമാണെന്നും, നമ്മളെല്ലാവരും ഒന്നാണെന്നും, അതിനാൽ നമുക്ക് എല്ലായ്പ്പോഴും സാമൂഹിക ഐക്യം ആസ്വദിക്കാൻ കഴിയും, എന്നുമുള്ള അറിവിലാണ് കുട്ടികളെ വളർത്തുന്നത്.

കുട്ടികളുടെ അധ്യായന ദിനങ്ങളുടെ എല്ലാ കാര്യങ്ങളിലും ഈ തത്വങ്ങൾ പകർന്നു നൽകുന്നതിനാൽ, അവയുടെ സ്വാഭാവികമായ വികാസം അവരിൽ ഉറപ്പാക്കപ്പെടുന്നു. അത് അദ്ധ്യയന പാഠങ്ങളാവട്ടെ , സൃഷ്ടിപരമായ പ്രവർത്തനങ്ങളാവട്ടെ, അല്ലെങ്കിൽ സംഗീതമാവട്ടെ, ഭക്ഷണ സമയമാവട്ടെ, അത് ഓരോ വശത്തേയും സ്വാധീനിക്കുന്നു. കഴിഞ്ഞ 30 വർഷത്തിലേറെയായി ലോകമെമ്പാടുമുള്ള കുട്ടികൾ ഈ സ്കൂളുകളിൽ പഠിക്കുകയും പഠനം തുടരുകയും ചെയ്യുന്നു:ഇന്റർനാഷണൽ സഹജ പബ്ലിക് സ്കൂൾ, ധർമ്മശാല (ഇന്ത്യ),കബെല്ല ഇന്റർനാഷണൽ സഹജ സ്കൂൾ (ഇറ്റലി),ഇന്റർനാഷണൽ സഹജ സ്കൂൾ, കാനജോഹാരി (യുണൈറ്റഡ് സ്റ്റേറ്റ്സ്),ബോറോട്ടിൻ ഇന്റർനാഷണൽ സഹജ ക്യാമ്പ് (ചെക്ക് റിപ്പബ്ലിക്ക്),ദേവി സ്കൂൾ (കാനഡ).



ഈ വിദ്യാഭ്യാസ പരിസ്ഥിതിയിൽ വളർന്നുവന്ന നിരവധി ആളുകൾ പിന്നീട് ആദരണീയരും പ്രതിഭാസമ്പന്നരായ വ്യവസായികളും, അധ്യാപകരും ശാസ്ത്രജ്ഞരും സംഗീതജ്ഞരും ആയിത്തീർന്നു.

ഈ പുരുഷന്മാരും സ്ത്രീകളും അവരുടെ മൂല്യത്തെക്കുറിച്ച് അഗാധമായ ബോധത്തോടെയാണ് ഇപ്പോൾ ലോകത്ത് ജീവിക്കുന്നത്, അതേ സമയം തന്നെ, സ്വന്തം കുടുംബത്തോടും, തങ്ങൾ ജീവിക്കുന്ന സമൂഹത്തോടും, ഈ മുഴുവൻ ലോകത്തോടു തന്നെയുമുള്ള അവരുടെ ഉത്തരവാദിത്തങ്ങളെ കുറിച്ചും അവർ ബോധവാന്മാരാണ്.

ഈ ആന്തരിക യാത്ര വ്യക്തിഗതമായ ധ്യാനത്തിലൂടെ ആരംഭിക്കുകയും, കൂട്ടായ്മയിലൂടെ വളരുകയും ചെയ്യുന്നു; ഈ കൂട്ടായ്മകളിൽ ഒരാൾക്ക് നിശബ്ദത കണ്ടെത്താനാവുകയും, കൂടാതെ ഒരാളുടെ അനുഭവങ്ങൾ പങ്കിടാൻ കഴിയുന്ന ആ ഇടം,അത് ഒരു മണിക്കൂറായാലും,ഒരു മാസമായാലും,ഒരു വർഷമായാലും അമൂല്യമാണ്.

അതിനായി, 1970-കളുടെ തുടക്കത്തിൽ, ലോകമെമ്പാടും, ശ്രീ മാതാജി ആശ്രമങ്ങൾ (ധ്യാന സ്ഥലങ്ങൾ) സ്ഥാപിക്കാൻ തുടങ്ങി: ന്യൂ ഡൽഹി, പൂനെ, മുംബൈ, ലണ്ടൻ, സിഡ്നി, മെൽബൺ, പാരീസ്, വിയന്ന, റോം മിലാൻ, ജനീവ, മോസ്കോ, ഹോങ്കോംഗ്, ന്യൂജേഴ്സി, ലോസ് ഏഞ്ചൽസ്, ബ്രസീലിയ തുടങ്ങിയ പ്രധാന നഗരങ്ങളിലും കൂടാതെ അന്താരാഷ്ട്രതലത്തിലുള്ള മറ്റു പല സ്ഥലങ്ങളിലും.





മുകളിലെ ചിത്രം: പലാസോ ഡോറിയ പല്ലവിസിനോ സ്പിനോല. മുൻപിലത്തെ പേജിൽ, മുകളിൽ: കബെല്ല ലിഗുറിലെ അന്തർദേശീയ സഹജയോഗ ധ്യാന കേന്ദ്രം. മുൻപിലത്തെ പേജിൽ, താഴെ: ഇന്ത്യയിലെ നിർമ്മൽ ധാം, ഏറ്റവും പ്രധാനപ്പെട്ട സഹജയോഗ ആശ്രമങ്ങളിൽ ഒന്ന്

താൻ എവിടെ താമസിച്ചിരുന്നാലും, അന്വേഷകർക്ക് തന്റെ സാന്നിധ്യം അനുഭവിക്കാനും ധ്യാനിക്കാനും എല്ലാവരെയും ഒരുപോലെ സ്വാഗതം ചെയ്യപ്പെടുന്ന ഒരു സ്ഥലം ലഭ്യമായിരിക്കണമെന്നത് ശ്രീ മാതാജിയുടെ ആഗ്രഹമായിരുന്നു.

അതുകൊണ്ടാണ്, ലോകത്തിന്റെ ഓരോ കോണിലും, വർഷങ്ങളായി ഈ ധ്യാനം പരിശീലിക്കുന്ന സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ, സഹജയോഗ അനുഭവിച്ചറിയാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും വേണ്ടി നിരവധി പ്രതിവാര കൂട്ടായ്മ യോഗങ്ങൾ നടത്തപ്പെടുന്നത്.
തീർച്ചയായും ഇന്ത്യയിലാണ്, ശ്രീ മാതാജിയുടെ ജീവിതവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങൾ, അവരുടെ ജീവചരിത്രം പുനഃപരിശോധിക്കാനും ഗഹനമായ ധ്യാനം ആസ്വദിക്കാനും അവ നമ്മെ അനുവദിക്കുന്നു: ചിന്ദ്വാര, നിർമ്മൽ നഗരി, ഗണപതിപുലെ, പ്രതിഷ്ഠാൻ, ന്യൂഡൽഹിയിലെ നിർമ്മൽ ധാം എന്നിവയാണവ. ശ്രീ മാതാജിയുടെ മാതൃസഹജമായ വികാരങ്ങൾ, 2003-ൽ, കുട്ടികളോടൊപ്പം ഉപേക്ഷിക്കപ്പെട്ട അമ്മമാരുടെ ഭാവി സുരക്ഷിതമാക്കാൻ ഡൽഹിക്കടുത്തുള്ള നോയിഡയിൽ വിശ്വനിർമ്മല പ്രേം എന്ന ആശ്രമം സ്ഥാപിക്കാൻ കാരണമായി. ഇവിടെ, ആ അമ്മമാരും കുട്ടികളും സുരക്ഷിതവും സ്വാഗതാർഹവുമായ അഭയം കണ്ടെത്തുന്നു. സ്ത്രീകൾക്ക് ആരോഗ്യപരിരക്ഷയും വിദ്യാഭ്യാസവും ലഭിക്കുന്നു, കൂടാതെ ഒരു തൊഴിലിൽ പരിശീലിപ്പിക്കപ്പെടുന്നതു വഴി അവർക്ക് വീണ്ടും അമ്മയെന്ന അവരുടെ പദവി ആത്മവിര്യത്തോടേയും ആത്മാഭിമാനത്തോടേയും നിറവേറ്റാൻ കഴിയുന്നു.

തന്റെ ഉപദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് പുറമെ, ശ്രീ മാതാജി അന്വേഷകരുടെ ആരോഗ്യവും ക്ഷേമവും പരിപാലിക്കുന്നതിനായി ഇന്ത്യയിൽ ഒരു ആശുപത്രിയും സ്ഥാപിച്ചു.

മുംബൈയ്ക്കടുത്തുള്ള ബേലാപ്പൂരിലെ ഇന്റർനാഷണൽ സഹജ യോഗ ഹെൽത്ത് ആൻഡ് റിസർച്ച് സെന്റർ 1996 മുതലും, നോയിഡയിൽ 2011 മുതലും പ്രവർത്തിച്ചു വരുന്നുണ്ട്. രോഗിയുടെ സൂക്ഷ്മ ശരീരത്തിലുള്ള ഊർജ്ജ നിലയിലെ അസന്തുലിതാവസ്ഥകൾ പരിഹരിക്കാൻ സഹജയോഗ സാങ്കേതികവിദ്യകൾക്കൊപ്പം ഹോമിയോപ്പതിയും ആയുർവേദ ചികിത്സകളും ഉപയോഗിക്കുന്നു.അസന്തുലിതാവസ്ഥ മൂലമാണ് അസുഖങ്ങൾ ഉണ്ടാകുന്നത്. അത് പിന്നീട് ശാരീരികമോ മാനസികമോ ആയ അവസ്ഥയിൽ പ്രകടമാകുന്നു എന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ് ചികിത്സ. സ്വാഭാവികമായ രോഗമുക്തി കൈവരിക്കാനായി സൂക്ഷ്മ ശരീരത്തെ വീണ്ടും സന്തുലിതമാക്കാൻ ലക്ഷ്യമിട്ടുള്ള ചികിത്സകളുടെ ഒരു നടപടിക്രമം രോഗി പിന്തുടരുന്നു. രോഗ വിമുക്തിക്കും വൈദ്യചികിത്സക്കും വേണ്ടി ലോകമെമ്പാടുമുള്ള ആളുകൾ സഹജയോഗ ഹെൽത്ത് ആൻഡ് റിസർച്ച് സെന്റർ പ്രയോജനപ്പെടുത്തി വരുന്നു.

കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തിയ രണ്ട് പ്രധാന അന്താരാഷ്ട്ര സ്ഥലങ്ങൾ ശ്രീ മാതാജിയുടെ നിരന്തരമായ യാത്രകൾക്കിടെ രൂപപ്പെട്ടു:ശ്രീ മാതാജിയുടെ യഥാർത്ഥ ജന്മദേശമായ ഇന്ത്യയും, കൂടാതെ, ഇറ്റലിയും. 1991-ൽ അലസ്സാൻഡ്രിയ പ്രവിശ്യയിലെ കാബെല്ല ലിഗുറിൽ പാലാസോ ഡോറിയ (പഴയ സ്പിനോല പല്ലവിസിനോ) വാങ്ങിയപ്പോൾ ശ്രീ മാതാജി തന്റെ രണ്ടാമത്തെ വീടായി ഇറ്റലി തിരഞ്ഞെടുത്തു.

ജീർണ്ണാവസ്ഥയിലായിരുന്ന പഴയ കൊട്ടാരത്തെ ശ്രീ മാതാജി മനോഹരമായ ഒരു വസതിയാക്കി മാറ്റുകയും നൂറുകണക്കിനും, ചിലപ്പോൾ ആയിരക്കണക്കിനും ആളുകൾ പങ്കെടുക്കുന്ന അന്താരാഷ്ട്ര പരിപാടികൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കാൻ ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്നും കൂടുതൽ സ്ഥലം വാങ്ങുകയും ചെയ്തു.2006-ൽ,കാബെല്ല ലിഗൂരിൽ അവർ ശ്രീ മാതാജി നിർമ്മല ദേവി സഹജ യോഗ വേൾഡ് ഫൗണ്ടേഷൻ സ്ഥാപിക്കുകയും, കൂടാതെ പലാസോ ഡോറിയയും പ്രദേശത്തെ മറ്റെല്ലാ സ്വത്തുക്കളും ഇതിലേക്കായി സംഭാവന ചെയ്യുകയും ചെയ്തു.ഇത് അവരുടെ പൈതൃകമാണ്, അതിലുപരിയായി മറ്റു മെഴുകുതിരികളെ പ്രകാശിപ്പിക്കാൻ കഴിയുന്ന ഒരു മെഴുകുതിരി പോലെ, തന്റെ സ്നേഹം ദൂരവ്യാപകമാക്കാൻ കഴിഞ്ഞു എന്നതാണ് ശ്രീ മാതാജിയുടെ പൈതൃകം. സ്വന്തം ആന്തരിക ഊർജ്ജം ഉണർത്തപ്പെട്ട ഒരു വ്യക്തിക്ക് മറ്റുള്ളവരെയും പ്രബുദ്ധരാക്കാൻ കഴിയും.
സ്നേഹത്തിന്റെ വിപ്ലവം തുടർന്നു കൊണ്ടു പോകാനും അതിലൂടെ നമ്മെ മെച്ചപ്പെടുത്താനും തത്ഫലമായി നമുക്ക് ചുറ്റുമുള്ളതെല്ലാം മെച്ചപ്പെടുത്താനും കഴിയുന്നു. അതാണ് സഹജയോഗ.














ഈ പേജ് - ഇടതുവശത്ത്: കബെല്ല ലിഗൂറിലെ ഇന്റർനാഷണൽ സഹജ സ്കൂൾ. വലതുവശത്ത്: ചെക്ക് റിപ്പബ്ലിക്കിലെ ബോറോട്ടിൻ ഇന്റർ നാഷണൽ സഹജ ക്യാമ്പ്. ഇടതുവശത്ത് താഴെ: യുണൈറ്റഡ് സ്റ്റേറ്റ്സിലെ കാനജോഹരി ഇന്റർനാഷണൽ സഹജ സ്കൂൾ. താഴെ വലത്: കാനഡയിലെ ദേവി ഇന്റർനാഷണൽ സ്കൂൾ. മുകളിൽ: ഇന്ത്യയിലെ ധർമ്മശാല ഇന്റർനാഷണൽ സഹജ പബ്ലിക് സ്കൂൾ. താഴെ വലതുവശത്ത്: ഇന്ത്യയിലെ നിർമ്മൽ ധാം, ഏറ്റവും പ്രധാനപ്പെട്ട സഹജയോഗ ആശ്രമങ്ങളിൽ ഒന്ന്

ലോകമെമ്പാടുമുള്ള തന്റെ യാത്രകളിൽ, ശ്രീ മാതാജി പതിനഞ്ചിലധികം തവണ വടക്കൻ അമേരിക്കയും, തെക്കേ അമേരിക്കയും സന്ദർശിച്ചു. അമേരിക്കയിലെ ന്യൂജേഴ്സിയിലുള്ള ആശ്രമം ശ്രീ മാതാജി താമസിച്ചിരുന്ന അമേരിക്കയിലെ ചുരുക്കം സ്ഥലങ്ങളിൽ ഒന്നാണ്. ന്യൂജേഴ്സിയിലുള്ള വീട് അവരുടെ ഇച്ഛയുടെയും പ്രചോദനത്തിന്റെയും മൂർത്തമായ പ്രകടനത്തെ പ്രതിനിധീകരിക്കുന്നു, കാരണം ഈ സ്ഥലത്തിന്റെ എല്ലാ സൂക്ഷ്മതകളും വിശദാംശങ്ങളും രൂപകൽപ്പന ചെയ്തത് ശ്രീ മാതാജിയാണ്. ലോകമെമ്പാടുമുള്ള വിദഗ്ധരായ സഹജയോഗികളാണ് ഇത് നിർമ്മിച്ചത്.





മുകളിലത്തെ ചിത്രം ശ്രീ മാതാജി അമേരിക്കയിൽ താമസിച്ചിരുന്ന ന്യൂജേഴ്സി ആശ്രമം. മുകളിൽ: കാനജോഹരിയിലെ നിർമ്മൽ നഗരിയുടെ ഏരിയൽ കാഴ്ച.

അമേരിക്കയിൽ അന്താരാഷ്ട്ര സഹജയോഗ ധ്യാന കേന്ദ്രം സ്ഥാപിക്കാൻ ശ്രീ മാതാജി തിരഞ്ഞെടുത്തത് നിർമ്മൽ നഗരി ("കാനജോഹാരി") എന്ന സ്ഥലമാണ്. യുണൈറ്റഡ് സ്റ്റേറ്റ്സിലെ ന്യൂയോർക്ക് സംസ്ഥാനത്തിൽ, കാനജോഹാരി ഗ്രാമത്തിനടുത്താണ് ഇത് സ്ഥിതിചെയ്യുന്നത്. കാനജോഹാരിയിലെ ഇന്റർനാഷണൽ സഹജ സ്കൂളുമായി ബന്ധപ്പെട്ടിരിക്കുന്ന ഈ പ്രദേശം ഒരിക്കൽ ഇറോക്വോയിസ് കോൺഫെഡറേഷന്റെ ഒരു ഗോത്രമായ മൊഹാക്ക് രാജ്യത്തിലെ ഒരു ഗ്രാമമായിരുന്നു.

"ലാളിത്യമുള്ളവരും നിഷ്കളങ്കരുമായിരുന്ന അവർ വളരെ ആത്മീയതയുള്ള ആളുകൾ ആയിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു, കാരണം അവർ അമ്മയെ ആരാധിക്കുന്നവരായിരുന്നു. അവർ എല്ലായ്പ്പോഴും മാതാവിനെ ആരാധിക്കാറുണ്ട്." - ശ്രീ മാതാജി

1999 മുതൽ എല്ലാ വർഷവും, ലോകമെമ്പാടുമുള്ള ആളുകൾ ധ്യാനിക്കാനും അന്തർദ്ദേശീയ പരിപാടികളിൽ പങ്കെടുക്കാനും കൂട്ടായ്മ ആസ്വദിക്കാനും ഇവിടെ ഒത്തുകൂടുന്നു.












മുകളിലെ ചിത്രം: ചിന്ദ്വാര, ശ്രീ മാതാജിയുടെ ജന്മസ്ഥലം. മധ്യഭാഗത്ത് ഇടത്: വൈതരണ ഇന്റർനാഷണൽ മ്യൂസിക് അക്കാദമി താഴെ ഇടത്: പ്രതിഷ്ഠാൻ, ശ്രീ മാതാജിയുടെ വസതികളിൽ ഒന്ന്. മുകളിൽ വലത്: വിശ്വ നിർമ്മല പ്രേം ആശ്രമം, ഉപേക്ഷിക്കപ്പെട്ട അമ്മമാർക്കുള്ള ഒരു കേന്ദ്രം. മദ്ധ്യം വലത്: ബേലാപൂർ, അന്താരാഷ്ട്ര സഹജ യോഗ ആരോഗ്യ ഗവേഷണ കേന്ദ്രം. താഴെ വലതുഭാഗം: നിർമ്മൽ നഗരി, ഗണപതിപ്പുലെ, സഹജയോഗയുടെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കേന്ദ്രം.



# പർവ്വതം

"സ്നേഹത്തിന്റെ നിറകുടമായി ഇച്ഛകളില്ലാത്ത,
ഗത കാലത്തെ സന്യാസിവര്യനെ പോലെ നിൽക്കുന്ന ഒരു
പർവ്വതം ഞാൻ എന്റെ ജാലകത്തിലൂടെ കാണുന്നു.

എത്രയെത്ര വൃക്ഷങ്ങളും, എത്രയെത്ര പുഷ്പങ്ങളുമാണ്
അവർ പർവ്വതത്തെ നിരന്തരം കൊള്ളയടിക്കുന്നു.
പർവതത്തിന്റെ ശ്രദ്ധ വ്യതിചലിക്കുന്നില്ല.

മാത്രമല്ല മേഘവിസ്ഫോടനത്തിലൂടെ അനേകം കലശങ്ങളിൽ
നിന്നു വർഷിക്കുന്നതു പോലെ മഴ പെയ്യുമ്പോൾ,
അത് പർവ്വതത്തെ ഹരിതാഭ കൊണ്ട് നിറയ്ക്കുന്നു.

തടാകത്തെ കാരുണ്യത്താൽ നിറയ്ക്കാൻ, കൊടുങ്കാറ്റുകൾ
കുതിച്ചുയർന്ന് വന്നേക്കാം, മാടി വിളിക്കുന്ന കടലിലേക്ക്
നദികൾ ഒഴുകിയെത്തുന്നു.

സൂര്യൻ മേഘങ്ങളെ സൃഷ്ടിക്കുന്നു കാറ്റ് മഴയെ അതിന്റെ
തൂവൽ ചിറകുകളിൽ വഹിച്ചു കൊണ്ട് പർവ്വതങ്ങളിൽ
എത്തിക്കുന്നു.

ഇച്ഛകളിലാതെ, പർവ്വതം കാണുന്ന നിത്യ
നാടകമാണിതെല്ലാം.

ശ്രീ മാതാജി നിർമ്മല ദേവി



പൂമ്പൊടികൾ പോലെ ഓരോ വ്യക്തിയിലും സ്ഥലങ്ങളിലും
എത്താൻ കാറ്റിനൊപ്പം നിരന്തരം സഞ്ചരിക്കുകയും സുഗന്ധവും
പോഷണവും പ്രകാശവും പകർന്നു നൽകി ലോകത്തെ
നിഷ്കളങ്കതയാൽ ആവരണം ചെയ്യുകയും ചെയ്യുന്ന

ശ്രീ മാതാജി നിർമ്മല ദേവിക്ക് ഹൃദയത്തിൽ നിന്നും
അഗാധമായ നന്ദിയും കൃതജ്ഞതയും അറിയിക്കാൻ
ഞങ്ങളേവരും വിനയപൂർവ്വം ആഗ്രഹിക്കുന്നു